

# ഓർത്തഡോക്സ് യുവജനം



വാല്യം 10
ലക്കം 02

ത്രൈമാസിക

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം







Linu Mathew Malleth
Pallavi Abraham
Malleth House, Omalloor, Pathanamthitta

ആശംസകളോടെ....

പുണ്യാളൻസ്
EVENT MANAGEMENT
BUDHANOOR

*Where your dreams ends,*
*From there Punyalans begins*

Ph 9074725417, 8086080655



Suvin Villa, Budhanoor P.O., Chengannur
9526965693, 8281713108, 9745830226
punyalanseventmanagement@gmail.com
PUNYALANS EVENT MANAGEMENT

STAGE DECORATION | HOUSE DECORATION | INVITATION CARD
FOOD | PHOTO & VIDEOGRAPHY | HONEYMOON PACKAGE

# ഉള്ളടക്കങ്ങളിലൂടെ

ഓർത്തഡോക്സ് യുവജനം ത്രൈമാസിക


1 **പൈതൃകം**
സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത

2 **സുഗന്ധം തനിയെ പ്രസരിക്കും**
ഷൗക്കത്ത്

3 **എവിടെപ്പോയി സ്വാതന്ത്ര്യദിനാഘോഷങ്ങൾ**
കെ.ആർ.മീര

4 **ജനാധിപത്യം**
ഫാ. ഡെന്നീസ് സാമുവേൽ

5 **പരിസ്ഥിതിശോഷണം**
ഡെന്നി എസ്.

6 **ശ്ലീഹാനോമ്പ്**
ഫാ. ജെറിൻ ജോൺ

7 **മാതാവ് മരത്തണലിൽ**
ഫാ. വർഗ്ഗീസ് റ്റി. വർഗ്ഗീസ്

8 **മാറിചിന്തിക്കാം**
ശ്രീമതി അനുവർഗ്ഗീസ്

9 **കുട്ടികളുടെ ആരോഗ്യസംരക്ഷണം**
ഡോ. നിതിൻ കുര്യാക്കോസ്

10 **ട്രെൻഡ്സ്**
ഫാ. ജോൺ റ്റി. ശാമുവേൽ



## ഓർത്തഡോക്സ് യുവജനം ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ്തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയസെമിനാരി റോഡ്, ചുങ്കം, കോട്ടയം –1
ഫോൺ: 0481 2583997
email: orthodoxyuvajanam1936@gmail.com
facebook:ocymmediawing



എഡിറ്റോറിയൽ ബോർഡ്

*പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**
*വൈസ്പ്രസിഡന്റ്*
**ഫാ. വർഗ്ഗീസ് ടി. വർഗ്ഗീസ്**
*ജനറൽ സെക്രട്ടറി*
**ഫാ. അജി കെ. തോമസ്**
*ട്രഷറർ*
**ജോജി പി. തോമസ്**
*ചീഫ് എഡിറ്റർ*
**ഫാ. തോമസ് രാജു, കരുവാറ്റ**
*പബ്ലിഷർ*
**ഫാ. ജോൺ ടി. ശാമുവേൽ**
*ബോർഡ് അംഗങ്ങൾ*
**ലെനി ജോൺ പോരുവഴി**
**ടിൻജു ശാമുവേൽ പനംകുറ്റിയിൽ**

## പ്രസിഡന്റിന്റെ കത്ത്



**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**

*ദൈവ തിരുനാമത്തിനു മഹത്വം*
*ക്രിസ്തുയേശുവിൽ സ്നേഹവന്ദനം*

നമ്മുടെ പ്രസിദ്ധീകരണത്തിന്റെ ഒരു പതിപ്പ്കൂടി ഇറങ്ങുന്നു. പുതിയ അദ്ധ്യയനവർഷവും പുതിയ പഠന പദ്ധതികളും ആരംഭിച്ചവർക്ക് എല്ലാ അനുഗ്രഹങ്ങളും ആദ്യമേ നേരുന്നു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ നിങ്ങൾ ഏവരുടേയും പ്രാർത്ഥനകൊണ്ടും സഹകരണംകൊണ്ടും ഭംഗിയായി നടക്കുന്നു. കേന്ദ്ര ഓഫീസിന്റെ നവീകരണങ്ങൾ പൂർത്തിയായി. സഹായിച്ചവരോടും സഹകരിച്ചവരോടുമുള്ള നന്ദി അറിയിക്കുന്നു. ദൈവം പരിശുദ്ധ സഭയെ കൈവിട്ടിട്ടില്ല എന്നതിനു ഒരുദാഹരണമാണ് അടിയ്ക്കടിയുണ്ടാകുന്ന പുതിയ കോടതിവിധികൾ. ദൈവാശ്രയത്തോടും വിനയത്തോടും പ്രതിപക്ഷ ബഹുമാനത്തോടും കൂടിയതായിരിക്കണം പ്രസ്ഥാനാംഗങ്ങളുടെ സമീപനങ്ങളും പ്രതികരണങ്ങളും. സത്യവിരുദ്ധമായ പ്രസ്താവനകൾകൊണ്ട് അധികം കാലം ആർക്കും പിടിച്ചുനിൽക്കാനാവില്ല. നീതി നടപ്പാക്കേണ്ടതിന് ചുമതലപ്പെട്ടവർ സത്യസന്ധമായും നീതിപൂർവ്വവുമായ ആർജ്ജവം കാട്ടുമെന്നു പ്രതീക്ഷിക്കുന്നു. സഭാമക്കൾക്കു അഭിപ്രായ പ്രകടനത്തിനുള്ള അവസരം അടുത്തുതന്നെയുണ്ടാകുമല്ലോ.

രണ്ടനുഗ്രഹീത വിദേശയാത്രകൾക്കു ദൈവം അവസരം തന്നു. ഒന്നാമത് എത്യോപ്യൻ സഭാ സന്ദർശനമായിരുന്നു. അഭിവന്ദ്യരായ യൂഹാനോൻ മാർ പോളികാർപ്പോസ്, ഡോ. ജോസഫ് മാർ ദീവന്നാസിയോസ്, യാക്കോബ് മാർ ഏലിയാസ് എന്നീ പിതാക്കന്മാരുമുണ്ടായിരുന്നു. നമ്മുടെ സഭാംഗവും ആഡീസ് അബാബയിലെ ദൈവശാസ്ത്ര പഠനകേന്ദ്രത്തിലെ പ്രൊഫസറുമായ ബഹു. ജോസ്സി ജേക്കബ് അച്ചനായിരുന്നു വേണ്ട ക്രമീകരണങ്ങൾ എല്ലാം ചെയ്തു തന്നത്. നമ്മുടെ നാഗ്പൂർ സെമിനാരിയുടെ പ്രിൻസിപ്പലായി നിയമിതനായ അച്ചൻ ജൂൺ 30 ാം തീയതി തിരികെ പോന്നു. 13 -ാം നൂറ്റാണ്ടിൽ സ്ഥാപിതമായ സന്യാസാശ്രമങ്ങൾ, 12 -ാം നൂറ്റാണ്ടിൽ വലിയപാറകൾ തുരന്നു നിർമ്മിച്ച ദേവാലയങ്ങൾ എന്നിവ സന്ദർശിച്ചതു വലിയ അനുഭവമായിരുന്നു. നമ്മുടെ അത്രയും സാമ്പത്തിക പുരോഗതിയുണ്ടായിട്ടില്ല എങ്കിലും പ്രായഭേദമന്യേ ആത്മീയ കാര്യങ്ങളിലുള്ള അവരുടെ തീക്ഷ്ണതയും ഉത്സാഹവും കണ്ടുപഠിക്കേണ്ടതാണ്. നാല് നാലര മണിക്കൂർ ദൈർഘ്യമുള്ള അവരുടെ ആരാധനയിലെ ആനന്ദത്തോടുകൂടിയുള്ള പങ്കാളിത്തം ആരേയും ഹഠാദാകർഷിക്കും. കേവലം ഒന്നരമണിക്കൂർ നേരമുള്ള നമ്മുടെ നമസ്ക്കാരമുൾപ്പെടെ രണ്ടരമണിക്കൂർ നമ്മുടെ ആരാധനാ ദൈർഘ്യത്തെപ്പറ്റിയുള്ള നമ്മുടെ നിരന്തര പരാതിയുടെ സന്ദർഭത്തിൽ ഇതു ശ്രദ്ധേയമാണ്. ഏതുവേഷം ധരിച്ചാലും ദേവാലയാരാധനകളിൽ തങ്ങളുടെ വസ്ത്രത്തിനു മുകളിൽ ഒരു വെള്ള വസ്ത്രം എല്ലാവരും ധരിച്ചിരിക്കും. ആരാധനാവേളകൾ കാഴ്ചക്കാരാകുവാനുള്ളതല്ല, പങ്കാളികളാകുവാനുള്ളതാണെന്നും അവർ

> നാല് നാലര മണിക്കൂർ ദൈർഘ്യമുള്ള അവരുടെ ആരാധനയിലെ ആനന്ദത്തോടുകൂടിയുള്ള പങ്കാളിത്തം ആരേയും ഹഠാദാകർഷിക്കും. കേവലം ഒന്നരമണിക്കൂർ നേരമുള്ള നമ്മുടെ നമസ്ക്കാരമുൾപ്പെടെ രണ്ടരമണിക്കൂർ നമ്മുടെ ആരാധനാ ദൈർഘ്യത്തെ ഷ്പറ്റിയുള്ള നമ്മുടെ നിരന്തര പരാതിയുടെ സന്ദർഭത്തിൽ ഇതു ശ്രദ്ധേയമാണ്.



ലോക സമാധാനത്തിന്റെ ചിഹ്നമായി പ്രാവിനെ അവതരിപ്പിച്ച ചിത്രകാരൻ?
പിക്കാസോ

വ്യക്തമായി തിരിച്ചറിയുന്നു. മലങ്കരസഭ സന്ദർശിച്ച എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പരി. മത്ഥിയാസ് പാത്രിയർക്കാ ബാവാ തിരുമേനിയോടുള്ള കൂടിക്കാഴ്ചയും അദ്ദേഹത്തിന്റെ ക്ഷണപ്രകാരം ആ സഭയുടെ പരി. സുന്നഹദോസിൽ സംബന്ധിച്ചതുമൊക്കെ ഏറെ സന്തോഷകരമായിരുന്നു.

രണ്ടാമത്തെ യാത്ര മാർപ്പാപ്പ തിരുമേനിയെ കണ്ടതായിരുന്നു. വിനയപൂർവ്വമുള്ള സ്വീകരണവും എളിമയോടുകൂടിയ സംസാരവും അദ്ദേഹത്തിന്റെ ആദരവ് വർദ്ധിപ്പിക്കുന്നു. തന്റേതായ ശുശ്രൂഷാ സേവനശൈലിയിൽ ലോകശ്രദ്ധ പിടിച്ചു പറ്റിയ പരി. ഫ്രാൻസിസ് മാർപ്പാപ്പാ രണ്ടുതവണ എളിയവനായ എന്നോടു Bless me (എന്നെ അനുഗ്രഹിക്കൂ) എന്നു അപേക്ഷിച്ചതു എന്നെ വളരെ അത്ഭുതപ്പെടുത്തുന്നു. അഖിലലോക കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷനും വത്തിക്കാന്റെ ഭരണാധികാരിയുമായ ഒരാളാണ്. അനുഗ്രഹിക്കൂ എന്നാവർത്തിച്ച് അപേക്ഷിക്കുന്നത് Humility is the mother of all virtues (എല്ലാ സുകൃതങ്ങളുടേയും മാതാവ് താഴ്മയാണ്) എന്ന പരി.പിതാക്കന്മാരുടെ പ്രബോധനം ഓർത്തുപോയി.

OCYM ന്റെ ചരിത്രത്തിലാദ്യമായി നടത്തിയ എഴുത്തുപരീക്ഷയിൽ നാനൂറിലധികം അംഗങ്ങൾ ആത്മാർത്ഥമായി പങ്കെടുത്തതു അഭിനന്ദനാർഹമാണ്. വരും വർഷങ്ങളിൽ കൂടുതൽ അംഗങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

അടുത്ത വാർഷിക ക്യാമ്പ് ദൈവഹിതമായാൽ ബോംബെ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ഒക്ടോബർ 5, 6, 7, 8 (ശനി, ഞായർ, തിങ്കൾ, ചൊവ്വ) തീയതികളിൽ നടക്കുന്നു. ആയതിന്റെ അറിയിപ്പ് കല്പ്പന എല്ലാ പള്ളികൾക്കും അയച്ചു കൊടുത്തിട്ടുണ്ട്. യാത്രയ്ക്കുള്ള ടിക്കറ്റുകൾ നേരത്തേ ബുക്കു ചെയ്യേണ്ടതാകയാൽ ജനറൽ സെക്രട്ടറി, ട്രഷറാർ ഇവരിലാരോടെങ്കിലും അടിയന്തിരമായി ബന്ധപ്പെടുക.

ദശാംശ പദ്ധതിയിലും രണ്ടരലക്ഷം രൂപ ജീവകാരുണ്യത്തിനായി ശേഖരിച്ചതു നിസ്സാരമല്ല. അമേരിക്കയിലെ സാൻഫ്രാൻസിസ്കോ ഇടവകയുടെ സഹായത്തോടെ നടന്നുവന്നിരുന്ന പ്രതിമാസ വിധവാ പെൻഷൻ, അവരുടെ സഹായം നിന്നതിനാൽ തുടരുവാനാകുന്നില്ല. എങ്കിലും അതു ലഭിച്ചുകൊണ്ടിരുന്നവർക്കു ഒരു നിശ്ചിത തുക വർഷത്തിലൊരിക്കൽ ദശാംശഫണ്ടിൽനിന്നും നൽകുവാൻ തീരുമാനമായിട്ടുണ്ട്. സുമനസ്സുകളുടെ സഹകരണം പ്രതീക്ഷിക്കുന്നു. ഇരുപത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളാണുള്ളത്. ഇവരുടെ നേതൃത്വത്തിൽ അഞ്ചുലക്ഷം രൂപ കൂപ്പൺ വിതരണത്തിലൂടെ സമാഹരിച്ച് കേരളത്തിലെ ഇരുപത് ഭദ്രാസനങ്ങളിലെ നാൽപ്പത് വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകുവാനുള്ള ശ്രമവും ആരംഭിച്ചു കഴിഞ്ഞു. ഓരോ ഭദ്രാസന കമ്മിറ്റിയും തെരഞ്ഞെടുക്കുന്ന ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കുമായിരിക്കും സഹായം നൽകുക. വിശദവിവരം ഭദ്രാസന സെക്രട്ടറിമാരെ അറിയിക്കും.

പ. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ 'നന്മയ്ക്കു ജ്ഞാനികളും തിന്മയ്ക്കു അജ്ഞാനികളും ആകണം' (റോമർ 16 : 19)

ദൈവം അനുഗ്രഹിക്കട്ടെ.
പ്രാർത്ഥനയോടെ,

എളിയ മാർ യൂഹാനോൻ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത.

എഡിറ്റോറിയൽ

# അധികാരത്തണലിൽ അധിനിവേശങ്ങൾ പെരുകുമ്പോൾ....



**ഫാ.തോമസ് രാജു**
ചീഫ് എഡിറ്റർ

വർദ്ധിതമായ ഭൂരിപക്ഷം നേടി രണ്ടാം പ്രാവശ്യവും എൻ.ഡി.എ അധികാരത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. സത്യപ്രതിജ്ഞ ചെയ്ത് അധികാരസ്ഥിതരാകുന്നതിനു മുമ്പു തന്നെ 2024–ാം ആണ്ടിൽ നടത്തപ്പെടാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിനായി എൻ.ഡി.എ സഖ്യം തയ്യാറെടുപ്പുകളും തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. മതനിരപേക്ഷതയും ജനാധികാരവും ഫാസിസ്റ്റ് വിരുദ്ധതയുമൊക്കെ പ്രചരണങ്ങൾക്ക് വിഷയീഭവിപ്പിച്ചിട്ടും വളരെ പരിമിതമായ സീറ്റ് നിലകളിലേക്ക് പ്രതിപക്ഷ പാർട്ടികൾ താഴ്ത്തപ്പെട്ടു. ഒരിക്കലും അവസാനിക്കാത്ത പടലപിണക്കങ്ങളും ജനങ്ങളിൽനിന്നും അവരെ ബാധിക്കുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ നിന്നുമുള്ള അകൽച്ചയും ജരാനരകൾ ബാധിച്ചിട്ടും ഒടുങ്ങാത്ത പാർലമെന്ററി മോഹങ്ങളും എനിക്ക് കിട്ടാത്തത് നിനക്കും വേണ്ട എന്ന മട്ടിലുള്ള പ്രവർത്തനരീതികളും വ്യക്തിപരമായി പലർക്കെതിരെയും നടത്തിയ അധിക്ഷേപങ്ങളും പ്രത്യയശാസ്ത്രത്തെ കൈവിട്ടിട്ടുള്ള നവ ലിബറൽ – ക്യാപ്പിറ്റലിസ്റ്റ് ചിന്താഗതികളുമൊക്കെയാണ് മതേതര പാർട്ടികൾ എന്നവകാശപ്പെട്ടവരുടെ പരാജയത്തിന്റെ ആക്കം കൂട്ടിയത്. ഇപ്പോഴും പരാജയവൃത്തത്തിൽ കിടന്ന് കറങ്ങുന്നതല്ലാതെ കാര്യമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ജനഹൃദയങ്ങളിലേക്ക് ഇറങ്ങുവാനുള്ള ക്രമീകരണങ്ങളൊന്നും മാസം രണ്ട് കഴിഞ്ഞിട്ടും പരാജിതരാരിലും കാണാനാവുന്നില്ല. എന്നാൽ



ജനാധിപത്യത്തിന്റെ ശ്രീകോവിലിലാകട്ടെ മുൻപെങ്ങും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ തക്ബീറുകളും ജയ്ശ്രീറാം വിളികളും അപരനെ ചൊടിപ്പിക്കുവാനുള്ള മാധ്യമം എന്ന നിലയിൽ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും നമുക്ക് ശുഭാപ്തിവിശ്വാസത്തോടെ പ്രതീക്ഷിക്കാം– ജനനൻമയും രാജ്യസുരക്ഷയും വ്യക്തി സ്വാതന്ത്രവും മതനിരപേക്ഷതയും മുൻ നിർത്തിയുള്ള



സുംഗവംശത്തിന്റെ തലസ്ഥാനമായിരുന്ന വിദിശ ഏത് സംസ്ഥാനത്താണ്?
മധ്യപ്രദേശ്

ഒരു ഭരണക്രമത്തെയും അതിനായി മടികൂടാതെ ശബ്ദിക്കുന്ന പ്രതിപക്ഷത്തെയും.

അധികാരം അധിനിവേശത്തിനുപയോഗിക്കുന്ന രീതിശാസ്ത്രങ്ങൾ സാക്ഷര കേരളത്തിൽ ഇപ്പോഴും വല്ലാതെ പെരുകുന്നുണ്ടോ എന്ന് സംശയിക്കുന്ന തരത്തിലാണ് അനുദിന സംഭവങ്ങളുടെ പോക്ക്. ആന്തൂരിലെ പ്രവാസി സാജന്റെ ആത്മഹത്യയും കസ്റ്റഡിയിലിരിക്കേയുള്ള നെടുങ്കണ്ടത്തെ രാജ്കുമാറിന്റെ സംശയാസ്പദമായ മരണവും യൂണിവേഴ്സിറ്റി കോളേജിലെ കലാപവും കർണ്ണാടകയിലെ കുതിരക്കച്ചവടവുമൊക്കെ മേലുദ്ധരിച്ച ചിന്തയെ ബലപ്പെടുത്തുന്നു. അധികാരം ലഹരിയായി അന്യന്റെമേലുള്ള ആധിപത്യത്തിനുപാധിയായി മാറ്റപ്പെടുന്നു. ഇത് ശുഭകരമല്ല, മറിച്ച് ഭീതി



യുണർത്തുന്നതാണ്. അധികാരക്കൊതിയൻമാരായ ഒരുപറ്റം ആളുകളുടെ ഇടയിൽ നിന്നുകൊണ്ട് നസറായനായ ക്രിസ്തു അധികാരത്തെ നിർവചിച്ചത് ശുശ്രൂഷയുടെ പശ്ചാത്തലത്തിലാണ്. Not to be Served but to Serve (വി.മത്തായി 20.28) എല്ലാക്കാലത്തേക്കുമുള്ള മഹത്തായ മാതൃകയാണത്. അല്ലെങ്കിൽത്തന്നെ ഒരുവന് ഒരുവന്റെമേലുള്ള അധികാരത്തെക്കുറിച്ചല്ല ഉത്തരവാദിത്തങ്ങളെക്കുറിച്ചാണ് ക്രിസ്തു ഇഹലോകവാസകാലത്ത് ഏറെയും പറഞ്ഞത്. ക്രിസ്തു മാത്രമല്ല തലയിൽ വെട്ടം പേറിയ നിരവധി ഗുരുക്കൻമാർ പറഞ്ഞിട്ട് പോയതും അതുതന്നെയായിരുന്നു. ഒരാളുടെ സ്വഭാവമളക്കാനുള്ള ഏകകമായും അധികാരത്തെ ഉപയോഗിക്കാമെന്ന് പറഞ്ഞത് ഏബ്രഹാം ലിങ്കണാണ്– ‘If you want to test a man’s character, give him power’. അധികാരം ഉൻമാദമായി മാറുന്ന പ്രവണതകൾ ചോദ്യം ചെയ്യപ്പെടേതും എതിർക്കപ്പെടേതും നേരിടപ്പെടേണ്ടതുമാണ്. കാരണം ഒ. എൻ. വി. കുറിച്ചതുപോലെ “നിന്നിൽ കുരുക്കുന്ന കറുകയുടെ നെറുകിലെ മഞ്ഞുനീർ തുള്ളിയിൽപ്പോലും ഒരു കുഞ്ഞുസൂര്യനുണ്ട്”

എല്ലാവർക്കും ജനിക്കുവാനും ജീവിക്കുവാനും സ്വപ്നങ്ങളുടെ ചിറകേറി പ്രയാണം ചെയ്യുവാനും വിധിതാവ് സ്വാതന്ത്ര്യം നല്കിയ ഇടമാണ് ഈ ഭൂമി, ഈ ഭാരതം, നമ്മുടെ കേരളം. ഈ ദിവസങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെട്ട ഉറുദു കവിതാശകലം കുറിച്ചുകൊണ്ട്തന്നെ അവസാനിപ്പിക്കാം–സഭീ കാ ഖൂൻ ഹേ ശാമിൽ യഹാ കാ മീട്ടീ മേ, കിസി കാ ബാപ് കാ ഹിന്ദുസ്ഥാൻ തോഡിഹെ (എല്ലാ വിഭാഗം ജനങ്ങളുടെയും രക്തം ഈ മണ്ണിലുണ്ട്. ആരുടെയും പൈതൃക സ്വത്തല്ല ഈ ഹിന്ദുസ്ഥാൻ)

സ്വാതന്ത്ര്യ ദിനാശംസകൾ.........

•



# കർമ്മരംഗങ്ങളില്ലാതെ ജീവിതം പൂർണ്ണമാകുകയില്ല



നമ്മുടെ ജീവിതത്തിന്റെ കർമ്മരംഗം ഏത് എന്ന നിർണ്ണായകമായ തെരഞ്ഞെടുപ്പ് നടക്കുന്ന കാലമാണ് യൗവ്വനം. ഈ തെരഞ്ഞെടുപ്പ് ദൈവഹിതപ്രകാരം ഉന്നതമായ സാമൂഹ്യ ബോധത്തോടെയും ഉത്കൃഷ്ടമായ മനസ്സോടുകൂടെയും ആകണം. എല്ലാ മനുഷ്യർക്കും  കലാ ശാസ്ത്ര പ്രതിഭകൾ ആകാൻ കഴിഞ്ഞെന്നു വരില്ല. പലർക്കും വ്യവസായ ശാലകളിലും പാടത്തും പറമ്പിലും പണി എടുക്കേണ്ടി വരും. മനുഷ്യത്വത്തെ ഉയർത്തുന്ന എല്ലാ ജോലിക്കും അതിന്റേതായ അന്തസ്സും പ്രാധാന്യവും ഉണ്ട്. ഏതുജോലിയും അതിന്റെ ഭംഗിയിൽ നിർവ്വഹിക്കുക എന്നതാണ് പ്രധാനം. കർമ്മത്തെ ആരാധനയും കർമ്മ രംഗത്തെ ദൈവാലയവുമാക്കി മാറ്റുന്നവരുടെ ആത്മാർത്ഥതയുള്ള ജീവിതത്തിൽ സൗരഭ്യം പരക്കും. ശരിയായ അതാണ് കർമ്മത്തിന്റെ പുണ്യതീർത്ഥം.

നമ്മുടെ പ്രസ്ഥാനത്തിന്റെ രാജ്യാന്തര സമ്മേളനം ദൈവഹിതമായാൽ ഒക്ടോബർ 5, 6, 7, 8 തീയതികളിൽ ബോംബെ ഭദ്രാസന ആതിഥേയത്വത്തിൽ റോഹ സെന്റ് ഗ്രീഗോറിയോസ് സെന്ററിൽ നടത്തുകയാണ്. അഭി.പ്രസിഡന്റ് തിരുമേനിയുടെ കല്പനയും ജനറൽ സെക്രട്ടറിയുടെ സർക്കുലറും എല്ലാ വികാരിമാർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സ്നേഹസാഹോദര്യജ്വാല, യുവജനവാരം എന്നിവ അനുഗ്രഹപ്രദമായി ക്രമീകരിക്കുക.

“ഉറവയിലേക്ക്” എന്ന കൊലോസ്യലേഖന പഠനം നടത്തിയ പ്രസ്ഥാനത്തിന്റെ എല്ലാ അംഗങ്ങളേയും സ്നേഹം അറിയ്ക്കുന്നു.

**വിജയികൾക്ക് അനുമോദനങ്ങൾ**

യൂണിറ്റ് പഠനത്തിനായി കൊലോസ്യ ലേഖന പഠനം തയ്യാറാക്കി നൽകിയ സെമിനാരി അദ്ധ്യാപകൻ റവ.ഫാ.ഡോ.ഗീവർഗ്ഗീസ് കെ. യോടുള്ള നന്ദി അറിയിക്കുന്നു. 2019 – 20 വർഷത്തെ പഠന കരിക്കുലം റവ.ഫാ.ഡോ.റെജി മാത്യൂസിന്റെ “ഞാൻ എന്തുകൊണ്ട് ഓർത്തഡോക്സ് വിശ്വാസിയായിരിക്കുന്നു” എന്ന പുസ്തകവും എബ്രായലേഖനവുമാണ്. പഠനക്കുറിപ്പുകൾ എല്ലാ മാസവും യൂണിറ്റ് പഠനത്തിനായി നൽകുന്നതാണ്.

പരി.അമ്മയുടെ മധ്യസ്ഥതയിൽ സങ്കേതപ്പെടാം
പ്രാർത്ഥനാപൂർവ്വം,

**ഫാ. അജി കെ. തോമസ്**
ജനറൽ സെക്രട്ടറി



1920 ൽ മൂക്നായക് എന്ന പത്രം ആരംഭിച്ചത്?
ഡോ. ബി.ആർ. അംബേദ്കർ



# പൈതൃകം



**സഖറിയാസ് മാർ അന്തോണിയോസ്**
**മെത്രാപ്പോലീത്ത**

ജൂലൈ മാസം 3 –ാം തീയതി പരിശുദ്ധനായ തോമ്മാശ്ലീഹായുടെ ഓർമ്മ ആചരിക്കുന്ന ദിവസമാണ്. എന്നാൽ പരി.ശ്ലീഹായുടെ തിരുശേഷിപ്പ് നഷ്ടപ്പെട്ട ദിവസമാണ് നമ്മൾക്ക്. ഡിസംബർ 18 മുതൽ 21 വരെയുള്ള ദിവസങ്ങളാണ് യഥാർത്ഥത്തിൽ നമ്മൾ പ. ശ്ലീഹായുടെ ഓർമ്മ ആചരിക്കേണ്ട ദിനങ്ങൾ. ഡിസംബർ 18 കുന്തമേൽക്കുകയും 19, 20 ദിവസങ്ങൾ വേദനയോടെ കഴിയുകയും 21–ാം തീയതി ചരമം പ്രാപിക്കുകയും ചെയ്തു എന്നതാണ് നമ്മുടെ വിശ്വാസവും ശീലിച്ചുവന്ന പാരമ്പര്യവും. ഈ ദിവസങ്ങൾ പ്രത്യേകമായി ഓർക്കുന്നതാണ് ജൂലൈ 3 ആചരിക്കുന്നതിനേക്കാൾ കൂടുതൽ പ്രസക്തി.

> പരി.മാർത്തോമ്മാ ശ്ലീഹായുടെ ക്രിസ്താനുഭവം രണ്ടു വാക്കുകളിലാണ്. നീ എന്റെ കർത്താവാകുന്നു; നീ എന്റെ ദൈവം ആകുന്നു. യഥാർത്ഥത്തിൽ ഈ ബോധ്യമാണ് സഭയിലെ യുവജനങ്ങൾക്കെല്ലാം ഉണ്ടാകേണ്ടത്.

പരി.തോമ്മാശ്ലീഹാ വിദൂരമായ ഈ ഭാരത ഭൂമിയിലേക്ക് വരികയും എഡി 52 മുതൽ 72 വരെയുള്ള കാലയളവിൽ ആർഷ ഭാരതത്തിൽ അങ്ങോളം ഇങ്ങോളം യാത്രചെയ്ത് കർത്താവിനെക്കുറിച്ചുള്ള നല്ലവാർത്ത പ്രചരിപ്പിക്കുകയും ചെയ്തു. പരി. മാർത്തോമ്മാശ്ലീഹാ കർത്താവിന്റെ വിലാപുറത്തുള്ള ആണിപ്പാടുകളിൽ തൊട്ട് വിശ്വസിച്ചു. എല്ലാ ശിഷ്യന്മാരും കർത്താവിനെ കണ്ടിട്ടാണ് വിശ്വസിച്ചത്. സുവിശേഷം ഇത് സാക്ഷിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ പരിശോധിക്കാം. ആദ്യമായി മഗ്ദലനമറിയം. അവൾ അതിരാവിലെ തന്നെ കല്ലറയിലേക്ക് വന്നു. കല്ലറ തുറന്നുകിടക്കുന്നതും അതിൽ ആരും ഇല്ലാത്തതും അവൾ കണ്ടു. അപ്പോൾ അവിടെയൊരു ആൾരൂപം ദർശിക്കുകയും അത് തോട്ടക്കാരനാണെന്നു കരുതി 'എന്റെ കർത്താവിനെ എവിടെവച്ചു" എന്ന് അവൾ ചോദിക്കുകയും ചെയ്തു. അപ്പോൾ ആ ആൾരൂപത്തിൽ നിന്ന് ഉണ്ടായ 'മറിയയേ' എന്ന വിളിയിൽ അവൾ തന്റെ ഗുരുവിന്റെ ശബ്ദം തിരിച്ചറിഞ്ഞ് 'റബ്ബൂനി' എന്നു മറുപടിയായി പറയുകയും ചെയ്തു എന്നാണല്ലോ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് ആദ്യം തോട്ടക്കാരനായി കണ്ടെങ്കിലും ശബ്ദം കേട്ടപ്പോഴാണ് അവൾ ക്രിസ്തുവിനെ തിരിച്ചറിഞ്ഞത്.

രണ്ടാമതായി എമ്മോവൂസിലേക്ക് പോയ രണ്ടു ശിഷ്യന്മാർ; ക്രിസ്തു അവരോടുകൂടി മൂന്നാമനായി നടക്കുകയും സംഭാഷണം നടത്തുകയും ചെയ്തു. പക്ഷേ അവർ അവനെ തിരിച്ചറിഞ്ഞില്ല. സന്ധ്യയായപ്പോൾ അവൻ അവരെ വിട്ടുപിരിയാൻ തുടങ്ങിയ സമയത്താണ് തങ്ങളോടുകൂടെ വസിക്കുവാൻ തക്കവണ്ണം അവർ അവനെ ക്ഷണിക്കുന്നത്. അവൻ അത്താഴത്തിനിരുന്നപ്പോൾ അപ്പമെടുത്തു വാഴ്ത്തി അവർക്ക് നൽകിയതായി സുവിശേഷത്തിൽ രേഖപ്പെടുത്തുന്നുണ്ടല്ലോ. ആ അവസരത്തിൽ മാത്രമാണ് അത് കർത്താവ് ആകുന്നു എന്ന് അവർ തിരിച്ചറിഞ്ഞത്.

പത്രപ്രവർത്തനം നടത്തിയതിന്റെ പേരിൽ
തടവനുഭവിക്കേണ്ടിവന്ന ആദ്യ ഇന്ത്യക്കാരൻ?
സുരേന്ദ്രനാഥ് ബാനർജി

മൂന്നാമതായി പത്തു ശിഷ്യന്മാർ ഒരുമിച്ച് കൂടിയിരുന്നപ്പോൾ അവർക്കു മുമ്പാകെ സമാധാനം ആശംസിച്ചുകൊണ്ട് പ്രത്യക്ഷപ്പെട്ട രംഗം. വാതിലുകൾ അടച്ചിട്ടിരിക്കെ ഉള്ളിലേക്ക് ക്രിസ്തു വന്നു എന്നാണ് സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നത്. കന്യകയുടെ കന്യാവ്രത മുദ്രയ്ക്ക് ഭംഗം വരാതെ അവളിൽ നിന്നു ജനിച്ച തിന്റെ അടയാളമായി ഇതിനെ വ്യാഖ്യാനിക്കുന്ന പിതാക്കന്മാരുമുണ്ട്. മേലുദ്ധരിച്ച ഉദാഹര ണങ്ങൾ എല്ലാം സാക്ഷിക്കുന്നത് ക്രിസ്തുവിനോട് കൂടെ നടന്നവരെല്ലാം അവനെ കണ്ടിട്ടുതന്നെയാണ് വിശ്വസിച്ചത്. എന്നാൽ പരിശുദ്ധ മാർത്തോമ്മാശ്ലീഹായ്ക്ക് അവരിൽ ഉപരിയായ ഒരു ഭാഗ്യം സിദ്ധിച്ചു. പരി. ശ്ലീഹാ കാണുക മാത്രമല്ല, തൊട്ടുവിശ്വസിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടു വിരലുകൾ ഒരുമിച്ചായിരുന്നത് വിലാവിൽ തൊടുക വഴിയായി വേർപെട്ടു എന്നും മറ്റു ശിഷ്യന്മാർ ആ വിരലുകളിൽ ആദരവോടെ മുത്തി എന്നും കൈമുത്തിന്റെ ആരംഭം ഇവിടെ നിന്നുമാണ് ആരംഭിച്ചതെന്നും പറയപ്പെടുന്നു.

പരി.മാർത്തോമ്മാ ശ്ലീഹായുടെ ക്രിസ്താനുഭവം രണ്ടുവാക്കുകളിലാണ്. നീ എന്റെ കർത്താവാകുന്നു; നീ എന്റെ ദൈവം ആകുന്നു. യഥാർത്ഥത്തിൽ ഈ ബോധ്യമാണ് സഭയിലെ യുവജനങ്ങൾക്കെല്ലാം ഉണ്ടാകേണ്ടത്. പരി. ശ്ലീഹായുടെ മാർഗ്ഗം അവലംബിച്ചുകൊണ്ട് ക്രിസ്തുവിനെ സാക്ഷിക്കുന്ന സാക്ഷ്യജീവിത പാതയിൽ ബഹുദൂരം സഭയായി, യുവജനങ്ങളായി നമുക്ക് മുന്നേറുവാനുണ്ട്.

പരി. ശ്ലീഹായെ എല്ലാദിവസവും നാം പ്രാർത്ഥനയിൽ ഓർക്കണം. പ്രത്യേകിച്ച് ആ വിശുദ്ധന്റെ പെരുന്നാൾ ഡിസംബർ 18 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ ആഘോഷിക്കുകയും ചെയ്യണം. പരി. ശ്ലീഹായുടെ ഓർമ്മ നമുക്കു കോട്ടയും അഭയവും ആയിരിക്കട്ടെ.

●

മനുഷ്യൻ മനുഷ്യനോടും സഹജീവികളോടും സൗഹൃദത്തോടെ ഇണങ്ങി ജീവിക്കാത്തിടത്തോളം ധന്യത നമ്മെ പുൽകുകയില്ല. ഇത്രയും മതങ്ങളും ആശയങ്ങളും ഉണ്ടായിട്ടും നാം ഇപ്പോഴും അസ്വസ്ഥത അനുഭവിക്കുന്നെങ്കിൽ അത് സൗഹൃദത്തിന്റെ അഭാവം കൊണ്ടു തന്നെയാണ്. ആ വിടവ് നികത്താനുള്ള ഒരുമകളെയാണ് നാം ഉണർത്തിയെടുക്കേണ്ടത്.

നാമിനി മിണ്ടിപ്പറയേണ്ടത് നമ്മുടെ വിശ്വാസങ്ങളെക്കുറിച്ചോ അവിശ്വാസങ്ങളെക്കുറിച്ചോ അല്ല. നമ്മുടെ ശരിയുടെ ഉള്ളുറപ്പിനെക്കുറിച്ചുമല്ല. മറിച്ച് നമുക്കിടയിൽ അകന്നകന്നുപോകുന്ന ആ അടുപ്പത്തെക്കുറിച്ചാണ്. ഉറച്ചും ഉറപ്പിച്ചും നാം നമ്മുടെ ശരികൾക്കായി വാദിച്ചും തർക്കിച്ചും മുന്നേറുമ്പോൾ നഷ്ടപ്പെട്ടുപോകുന്ന ആ സ്നേഹത്തെക്കുറിച്ചാണ്.

നമ്മുടെ ശരികളെ അവരിലേക്ക് പകരുന്നതിനുമുമ്പ് ആ കണ്ണുകളിലേക്കൊന്ന് നാം നോക്കണം. ഒരു ചായ പകർന്ന് അവർക്കൊപ്പം വെറുതെ ഒന്നിരിക്കണം. സ്നേഹത്തോടെ അവരുടെ കയ്യിലൊന്നു തൊടണം. സുഖമാണോ എന്ന് ഹൃദയപൂർവ്വം ഒന്നന്വേഷിക്കണം. അത്രയും ചെയ്യാൻ നമുക്കായാൽ അതാവും നമുക്ക് പകർന്നുകൊടുക്കാവുന്ന ഏറ്റവും മഹത്തായ ശരി.

എല്ലാവരും പറയുന്നു; എല്ലാ അറിവും ഞങ്ങളിലുണ്ടെന്ന്. ഞങ്ങളിലാണ് സമാധാനമെന്ന്. എന്നാൽ പ്രിയമുള്ളവരെ, നെഞ്ചുതൊട്ട് പറയാമോ ആ



ആപ്പിൾ സംസ്ഥാനം എന്നറിയപ്പെടുന്നത്?
ഹിമാചൽപ്രദേശ്

# ം
# യ പ്രസരിക്കും



**ഷൗക്കത്ത്**

അറിവിലും സമാധാനത്തിലും നാം തൊട്ടിട്ടുണ്ടെന്ന്. മറ്റുള്ളവരിലേക്ക് പകരുന്നതിനു മുമ്പ് നാമത് നമ്മിലേക്കു തന്നെ പകരേണ്ടതുണ്ട്. സ്വയം പകർന്നു കഴിഞ്ഞാൽ പിന്നെ ആരോടും വാ കീറി പറയേണ്ടിവരില്ല. കാരണം സുഗന്ധം തനിയെ പ്രസരിക്കും. അത് പ്രസരിപ്പിക്കേണ്ടതില്ല.

നാം പരാശ്രയികളോ സ്വാശ്രയികളോ അല്ല, പരസ്പരാശ്രിതരാണ്. അവിടെയാണ് ജീവിതമുള്ളത്. പരസ്പരം ഇണങ്ങി കഴിയേണ്ടവർ. ആ പാരസ്പര്യത്തിലാണ് ജീവിതമുള്ളത്. സ്വാതന്ത്ര്യമുള്ളത്. സ്നേഹമുള്ളത്. സൗഹൃദത്തെ ഇനിയും മഹത്തായ മൂല്യമായി നാം കരുതുന്നതും അതുകൊണ്ടുതന്നെയാണ്.

●





# എവിടെപ്പോയി സ്വാതന്ത്ര്യദിനാഘോഷങ്ങൾ... സേവനവാരങ്ങൾ......?

**കെ.ആർ.മീര**
(എഴുത്തുകാരി)

കുറച്ചുകാലം മുമ്പ് ഒരു യാത്രയിൽ പരിചയപ്പെട്ട ആറുവയസ്സുകാരൻ പലതും പറഞ്ഞ കൂട്ടത്തിൽ പറഞ്ഞു. വലുതാകുമ്പോൾ ഞാൻ അമേരിക്കയിൽ പോകും. എനിക്ക് ഇന്ത്യ ഇഷ്ടമില്ല. ഇന്ത്യക്കാരന്മാരെ ഒന്നിനും കൊള്ളുകയില്ല. അവർക്ക് വൃത്തിയുമില്ല. ബുദ്ധിയുമില്ല. അമേരിക്കയാണ് ദി ബെസ്റ്റ് പ്ലെയ്സ് ഇൻ ദ വേൾഡ്.

ഇതാരു പഠിപ്പിച്ചുതന്നു എന്നു ചോദിച്ചപ്പോൾ കുട്ടിപറഞ്ഞു. വല്യ അങ്കിൾ. അങ്കിൾ അമേരിക്കയിലാണ് എന്നാണു ഞാൻ കരുതിയത്. പക്ഷേ അല്ല. അങ്കിൾ കേരളത്തിൽതന്നെ താമസിക്കുകയാണ്. ഒരു സി.ബി.എസ്.ഇ സ്കൂളിന്റെ പ്രിൻസിപ്പലുമാണ്. അത് ഞെട്ടലുണ്ടാക്കി എന്നതാണ് സത്യം. അമർഷവും അസ്വസ്ഥതയും ഏറെനേരം നീണ്ടു. ഇന്ത്യക്കാരന്മാർ എന്ന വാക്ക് ആ കുഞ്ഞുനാവ് ഉച്ചരിച്ചവിധം, ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം എന്ന വരികൾ ചൊല്ലിപ്പഠിപ്പിച്ച അദ്ധ്യാപകന്റെ സ്മരണയുണർത്തി. ഇന്ത്യയാണ് നമ്മുടെ രാജ്യം ഇന്ത്യയ്ക്കു പുറത്ത് ഏതു രാജ്യത്തു ചെന്നാലും അവിടെ നമ്മൾ രണ്ടാംതരം പൗരന്മാരായിരിക്കും എന്നാണ് ഗുരുനാഥന്മാർ പഠിപ്പിച്ചിരുന്നത്. നമ്മുടെ കുടുംബം പോലെയാണ് നമ്മുടെ നാട്. നാടിന്റെ മഹത്വം നമ്മുടെ അഭിമാനമാണ്. സ്വന്തം രാജ്യത്തെക്കുറിച്ചുള്ള സ്നേഹം ലോകത്തോടു മുഴുവനുമുള്ള സ്നേഹമാണ്. അത് അവനവനോടുള്ള സ്നേഹമാണ്. ഓരോ വൃക്ഷത്തിനും അതു



സാൻഡ്‌വിച്ച് ദ്വീപുകൾ ഏതു സമുദ്രത്തിലാണ്?
അറ്റ്ലാന്റിക് സമുദ്രം

വേരുപിടിച്ച മണ്ണിനോടുള്ള ആത്മബന്ധം പോലെയാണ് രാജ്യത്തോട് പൗരന്റെ ബന്ധം. വേരിൻ പടലം ബന്ധിപ്പിച്ചു നിർത്തിയ മണ്ണ് വൃക്ഷത്തിന്റെ നിലനിൽപ്പിന്റെ അർത്ഥവും മാർഗ്ഗവുമാണ്. വൃക്ഷങ്ങൾക്ക് ഭൂപടങ്ങളുടെ അതിരുകൾ പ്രസക്തമല്ല. അത് ഒരേസമയം വലിയൊരു പ്രപഞ്ചത്തിന്റെ ഭാഗവും അതേ സമയം തനതുരീതികളുടെ ബഹിർ:സ്ഫുരണവുമാണ്.

പക്ഷെ, അതൊക്കെ ഇന്നു പഴഞ്ചൻ ആശയങ്ങളായിത്തീർന്നിരിക്കുന്നു. സ്വന്തം നാടെന്നും ഭാഷയെന്നുമുള്ള വികാരം മനസ്സിൽ സൂക്ഷിക്കുന്നവർ നന്നേ കുറഞ്ഞു. നാടുവിട്ടുപോയി പണം സമ്പാദിച്ചു തിരികെ നാട്ടിലെത്തി ജീവിക്കണമെന്ന് ആഗ്രഹിച്ചിരുന്നവരായിരുന്നു പഴയ പ്രവാസികൾ. പുതിയ തലമുറയിലെ പ്രവാസികൾക്കാകട്ടെ, മടങ്ങിവരാൻ താൽപ്പര്യമില്ല. ലണ്ടനിൽ മൂന്നുമാസത്തെ താമസത്തിനിടയ്ക്ക് കണ്ടുമുട്ടിയ ചെറുപ്പക്കാരെല്ലാം ഇതേ ആശയങ്ങൾ സ്വാംശീകരിച്ചവരായിരുന്നു. നാട്ടിലേക്കു മടങ്ങാൻ ആഗ്രഹമുള്ളവർ നന്നേകുറവ്. നാടിന്റെ കുറ്റങ്ങളും കുറവുകളും മാത്രമേ അവർക്കു പറയാനുള്ളൂ. സ്വന്തം രാജ്യത്തോടു സ്നേഹമില്ലാത്ത ഒരു ജനതയായി തീർന്നതുകൊണ്ടാണോ ഇതെന്ന് ചിലപ്പോൾ സംശയം തോന്നും. ദണ്ഡിയിലേക്കു പദയാത്ര നടത്തി ഉപ്പു കുറുക്കിയെടുത്ത ആ മെലിഞ്ഞ മനുഷ്യന്റെ ഓർമ്മകളിൽ കോരിത്തരിപ്പു തോന്നുന്നവരുടെ വംശം പാടേ അന്യം നിന്നിരിക്കുന്നു. ചരിത്രത്തിൽ നിന്നും നാം ഒന്നും പഠിക്കുന്നതേയില്ല. അടിമത്തവും സ്വാതന്ത്ര്യവും തമ്മിലുള്ള വ്യത്യാസമെന്തെന്നു തിരിച്ചറിയുന്നില്ല. രവീന്ദ്രനാഥ ടാഗോറിന്റ 'ദ് ടെയിം ബേർഡ് വാസ് ഇൻ എ കേയ്ജ്' എന്ന കവിത, കൂട്ടിനുള്ളിലെ മെരുങ്ങിയ പക്ഷിയും ആകാശത്തെ സ്വതന്ത്രനായ പക്ഷിയും തമ്മിലുള്ള സംവാദമാണ്. പുറത്തെ പക്ഷി വിളിച്ചു. പ്രിയപ്പെട്ടവളേ, നമുക്ക് വനാന്തരത്തിലേക്കു പറന്നുപോകാം. കൂട്ടിനുള്ളിലെ പക്ഷി മന്ത്രിച്ചു. അകത്തുവരൂ, നമുക്കിരുവർക്കും കൂട്ടിൽകിടക്കാം. ആകാശത്തെ പക്ഷി ചോദിച്ചു. അഴികൾക്കിടയിൽ ചിറകുവിടർത്താൻ ഇടമെവിടെ? കൂട്ടിനുള്ളിലെ പക്ഷി കരഞ്ഞു. ആകാശത്ത് ചേക്കേറാൻ അഴികളില്ലല്ലോ. ചേക്കേറാൻ ഒരു അഴിയുണ്ടെങ്കിൽ ഏതുതരം കൂട്ടിനുള്ളിലും കിടക്കാൻ സന്നദ്ധരാകുന്നവർക്ക് എന്ത് ആത്മാഭിമാനമാണുണ്ടാവുക?

ഓരോ വർഷവും സ്വാതന്ത്ര്യദിനാഘോഷം സർക്കാർ നടത്തുന്നുണ്ട്. സ്വാതന്ത്ര്യദിന പരേഡുകൾ, സ്വാതന്ത്ര്യദിന സന്ദേശം, കേവലം പതാകയുയർത്തലിൽ തുടങ്ങി പ്രസംഗത്തിൽ അവസാനിക്കുന്ന സ്വാതന്ത്ര്യദിന പരിപാടികൾ. പക്ഷേ ശ്രദ്ധേയമായ കാര്യം ഇവയൊന്നും ഇപ്പോൾ വിദ്യാലയങ്ങൾക്കുള്ളിലില്ല എന്നതാണ്. ആഗസ്റ്റിലെ ഒരു അവധി ദിവസമെന്നതിലുപരി സ്വാതന്ത്ര്യദിനത്തിന് ഇന്ന് നമ്മുടെ വിദ്യാർത്ഥികളുടെ മനസ്സിൽ ഒരു പ്രാധാന്യവുമില്ല. ആ അവധിദിവസം അവർ ടിവി കാണുന്നു. സ്വാതന്ത്ര്യദിന ബ്ലോക്ക്ബസ്റ്റർ ചലച്ചിത്രവും കോമഡി മിമിക്സും ആസ്വദിക്കുന്നു. ചിലപ്പോൾ തീയേറ്ററിൽ സിനിമയ്ക്കു പോകുന്നു. ചിലപ്പോൾ കുടുംബത്തോടൊപ്പം ടൂറുപോകുന്നു. അതിനപ്പുറം ഇന്ത്യയെന്ന വികാരം കുട്ടികളുടെ ഹൃദയത്തിൽ ഉദ്ദീപിപ്പിക്കാനുള്ള അവസരമാണ് ഈ ദിവസമെന്ന സത്യം

ആഗസ്റ്റിലെ ഒരു അവധി ദിവസമെന്നതിലുപരി സ്വാതന്ത്ര്യദിനത്തിന് ഇന്ന് നമ്മുടെ വിദ്യാർത്ഥികളുടെ മനസ്സിൽ ഒരു പ്രാധാന്യവുമില്ല. ആ അവധിദിവസം അവർ ടിവി കാണുന്നു. സ്വാതന്ത്ര്യദിന ബ്ലോക്ക്ബസ്റ്റർ ചലച്ചിത്രവും കോമഡി മിമിക്സും ആസ്വദിക്കുന്നു. ചിലപ്പോൾ തീയേറ്ററിൽ സിനിമയ്ക്കു പോകുന്നു. ചിലപ്പോൾ കുടുംബത്തോടൊപ്പം ടൂറുപോകുന്നു. അതിനപ്പുറം ഇന്ത്യയെന്ന വികാരം കുട്ടികളുടെ ഹൃദയത്തിൽ ഉദ്ദീപിപ്പിക്കാനുള്ള അവസരമാണ് ഈ ദിവസമെന്ന സത്യം അദ്ധ്യാപകരാകട്ടെ, രക്ഷകർത്താക്കളാകട്ടെ ഓർക്കുന്നില്ല.

അദ്ധ്യാപകരാകട്ടെ, രക്ഷകർത്താക്കളാകട്ടെ ഓർക്കുന്നില്ല.

സ്വന്തം നാടിന്റെ ചരിത്രമറിയാത്ത കുറേ പൗരന്മാരുടെ ലോകത്തെ സങ്കൽപ്പിക്കൂ. എന്തായിരുന്നു ഇന്ത്യയെന്നും എന്താണ് ഇന്ത്യയെന്നും മനസ്സിലാക്കാത്തവരുടെ, ഇന്ത്യക്കാരുടെ ജീവിതമാണ് അത്. അവർ പഠിക്കുന്നു. പരീക്ഷ പാസ്സാകുന്നു. ചേക്കേറാൻ അഴിയുള്ള കൂടുകൾ തേടി ഇഴഞ്ഞു നടക്കുന്നു. രാജ്യസ്നേഹമെന്നത് അവർ പഠിക്കുന്നതേയില്ല. ലോകം ഒരു വലിയ ഗ്രാമമായിത്തീരുന്ന കാലത്ത് രാജ്യ സ്നേഹമെന്നത് സങ്കുചിത ചിന്താഗതിയാണെന്ന് ഉദ്ഘോ

ഷിക്കുന്നവരുണ്ട്. അവർതന്നെ ഒരുപിടി മണ്ണിനും അതിർത്തി വരകൾക്കും വേണ്ടി നിരപരാധികളുടെ രക്തം ചിന്തുകയും ചെയ്യുന്നു. രാജ്യം എന്നത് അതിർത്തികൾക്കു ള്ളിലെ ഭൂമി മാത്രമല്ല, ഒരു വികാരമാണ്. അതുണർത്തുന്ന ഊർജ്ജമാണ് സാധാരണ ക്കാരിൽ സാധാരണക്കാരുടെ അന്തസ്സ്.

എങ്ങനെയാണ് ഇന്ത്യ ഇന്നുകാണുന്ന ഇന്ത്യ യായതെന്ന് നമ്മുടെ കുട്ടികൾ മനസ്സിലാക്കി യേതീരൂ. അത് പാഠപുസ്തകങ്ങളിൽനിന്നു മാത്രം പഠിച്ചാൽ പോരാ. പരീക്ഷയ്ക്കുവേണ്ടി മന:പാഠമാക്കി മറന്നു കളയാവുന്ന ഖണ്ഡി കകൾ മാത്രമല്ല നമ്മുടെ രാജ്യത്തിന്റെ ചരിത്രമെന്നു കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. സ്വാതന്ത്ര്യസമര കാലത്ത് ജനഹൃദയങ്ങളിൽ ജ്വലിച്ച അഗ്നിയുടെ തീക്ഷ്ണത ഓരോ തലമുറയും അണയാതെ സൂക്ഷിക്കേണ്ടതുണ്ട്. സമൂഹമെന്ന നിലയിൽ ഒന്നിച്ചു നിൽക്കാനും മുന്നോട്ടുപോകാനും അത് അത്യന്താപേക്ഷി തമാണ്. ഒരേ ഒരിന്ത്യ ഒരൊറ്റ ജനത എന്ന മുദ്രാവാക്യത്തിന്റെ അർത്ഥവും വ്യാപ്തിയും പകർന്നുനൽകുന്നതിൽ ഈ നാട്ടിലെ സ്കൂൾ – കോളേജ് അദ്ധ്യാപകർ പ്രകടിപ്പിച്ച ഉദാസീന തയുടെ വിലയാണ് ഇന്ന് നാട്ടിൽ തുടരുന്ന അക്രമ ങ്ങളും തീവ്രവാദവും.

സ്വാതന്ത്ര്യദിനം മാത്രമല്ല, സേവനവാരവും ഇന്നു സ്കൂളുകളിൽനിന്ന് അപ്രത്യക്ഷമായി രിക്കുന്നു. സേവനവാരമെന്ന മഹത്തായ ആശ യത്തെ അപ്രായോഗികവും ഉപയോഗശൂന്യവു മാക്കി ചവറ്റു കുട്ടയിൽ തള്ളിയതിലും നമ്മുടെ അദ്ധ്യാപക സമൂഹ ത്തിന് വലിയൊരു പങ്കുണ്ട്. കക്ഷിരാഷ്ട്രീയ ത്തിന്റെ ചെറിയ ചെറിയ നേട്ടങ്ങൾക്കുവേണ്ടി നമ്മുടെ അദ്ധ്യാപകർ ബലി കഴിച്ചത് തലമുറ കളുടെ രാഷ്ട്രീയാവബോധത്തെയും രാജ്യസ്നേ ഹത്തെയും തന്നെയാണ്. സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളുടെ മുളച്ചുപൊന്തലിനാണ് അതുവഴിവച്ചത്. സ്വന്തം രാജ്യത്തോടും സമൂഹത്തോടും പ്രതിബദ്ധതയും ആർദ്രതയുമി ല്ലാത്ത ഒരു തലമുറയെ ബ്രോയിലർ കോഴികളേ പ്പോലെ വാർത്തെടുക്കുന്നതിൽ മാത്രമാണ് അത്തരം സ്കൂളുകളിൽ ഭൂരിപക്ഷവും ശ്രദ്ധിക്കു ന്നത് എന്നത് സങ്കടകരവും അപകടകരവു മാണ്. സേവനവാരമോ ഗാന്ധിജയന്തിയോ ഈ സ്കൂളുകളിൽ ആഘോഷിക്കുന്നില്ല. കുട്ടികൾ സ്വന്തം വീടുകളിലെ തൊടികളിൽ വിളഞ്ഞ ഭക്ഷ്യവസ്തുക്കളുമായി സ്കൂളിലെത്തി ഒന്നിച്ചു പാചകം ചെയ്ത് ഭക്ഷണം കഴിക്കുന്ന തിലൂടെ പകർന്നുകിട്ടിയ വലിയൊരു സന്ദേശമുണ്ടായി രുന്നു. ഒന്നിച്ചൊരു സമൂഹമായി നിലനിൽക്കുന്ന തിന്റെ സന്തോഷവും സൗകര്യവും കുട്ടികൾക്ക് അത് മനസ്സിലാക്കിക്കൊടുത്തിരുന്നു. സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽനിന്ന് അവർക്ക് തങ്ങൾ ജനിച്ച നാടിന്റെ ചരിത്രവും മുൻതലമുറകൾ നട ത്തിയ പ്രക്ഷോഭങ്ങളുടെ സന്ദേശവും സ്വാംശീ കരിക്കാൻ കഴിഞ്ഞിരുന്നു.

നമുക്കുവേണ്ട ഭക്ഷണവും വസ്ത്രവും അവശ്യ വസ്തുക്കളും നമ്മൾതന്നെ ഉത്പ്പാദിപ്പിക്കുന്ന ഒരു കാലത്തേ രാഷ്ട്രത്തിനും വ്യക്തികൾക്കും യഥാർത്ഥ സ്വാശ്രയത്വം കൈവരൂ എന്നും യഥാ ർത്ഥ സ്വാതന്ത്ര്യമെന്നാൽ സ്വാശ്രയത്വമാണെ ന്നും ദീർഘദർശനം ചെയ്ത ഗാന്ധിജിയുടെ മഹത്വം ഇന്നുനമുക്ക് തിരിച്ചറിയാൻ കഴി യുന്നില്ല. എല്ലാ മനുഷ്യരുടെയും ആവശ്യങ്ങൾ നിവർത്തിക്കാൻ വേണ്ടതൊക്കെ പ്രകൃതിയിലു ണ്ടെന്നും ആരുടെയും ദൂരതീർക്കാൻ മാത്രമി ല്ലെന്നും ഗാന്ധിജി പഠിപ്പിച്ച പാഠം നാം മറന്നു പോകുന്നു. പകരം നാം വിദേശവസ്തുക്കൾക്കു വിപണിയൊരുക്കി, സുഖത്തെക്കുറിച്ചു മിഥ്യാധാ രണകൾ പുലർത്തി നമ്മുടെതന്നെ തെറ്റിദ്ധാരണ കളുടെയും അബദ്ധങ്ങളുടെയും തടവുകാരായി നിത്യപാരന്ത്ര്യത്തിൽ കഴിഞ്ഞു കൂടുന്നു.

വീണ്ടുമൊരു സ്വാതന്ത്ര്യസമരത്തിനു കാലമായി. പുതിയ തലമുറയുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട അന്ധകാരഭരിതമായ ആശയങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യസമരം. ●

**ഒരേ ഒരിന്ത്യ ഒരൊറ്റ ജനത എന്ന മുദ്രാവാക്യത്തിന്റെ അർത്ഥവും വ്യാപ്തിയും പകർന്നു നൽകുന്നതിൽ ഈ നാട്ടിലെ സ്കൂൾ – കോളേജ് അദ്ധ്യാപകർ പ്രകടിപ്പിച്ച ഉദാസീനതയുടെ വിലയാണ് ഇന്ന് നാട്ടിൽ തുടരുന്ന അക്രമങ്ങളും തീവ്രവാദവും.**





ഇന്ത്യയിൽ ആദ്യമായി വനിതാ മേയർ അധികാരമേറ്റ നഗരം?
മുംബൈ

*ഈ ലോകത്ത് ഞാൻ സ്വീകരിക്കുന്ന
ഏക സ്വേച്ഛാധിപതി എന്റെ ഉള്ളിലെ
ഇപ്പോഴുമുള്ള ചെറിയ ശബ്ദം മാത്രമാണ്.
ഒരാൾ മാത്രമുള്ള ന്യൂനപക്ഷമാകാനുള്ള സാധ്യത
എന്റെ മുൻപിലുണ്ടെങ്കിലും അത്തരമൊരു
പ്രതീക്ഷയില്ലാത്ത ന്യൂനപക്ഷത്തിൽ
ജീവിക്കാനുള്ള ധൈര്യം എനിക്കുണ്ടെന്ന്
ഞാൻ താഴ്മയായി വിശ്വസിക്കുന്നു.*

*-മഹാത്മാഗാന്ധി*



ഫാ. ഡെന്നീസ് സാമുവേൽ

# ജനാധിപത്യം

ഭൂരിപക്ഷവും ന്യൂനപക്ഷവും അധികാരത്തോടും പാർലമെന്ററി തെരഞ്ഞെടുപ്പുകളോടും ചേർന്ന് കേട്ട് പരിചയിച്ച പദങ്ങളാണ്. ഈ വാക്കുകൾക്ക് തന്നെയും വലിയൊരു രാഷ്ട്രീയമുണ്ട്. 2014 ലെയും 2019 ലെയും പാർലമെന്റ് തെരഞ്ഞെടുപ്പു ഫലങ്ങൾ പ്രതിഫലിപ്പിക്കുന്നതും സീറ്റുകളുടെ എണ്ണത്തിനപ്പുറമുള്ള ഈ പദങ്ങളിലെ രാഷ്ട്രീയം തന്നെയാണ്. 2014ലെ തെരഞ്ഞെടുപ്പുഫലം നിലവിലിരുന്ന ഭരണകൂടത്തോടും അതിന്റെ പേരിൽ കേട്ട സുഗ്രാഹ്യമല്ലാത്ത അക്കങ്ങളിലുള്ള അഴിമതി കഥകളോടും ഉള്ള ജനങ്ങളുടെ അസ്വസ്ഥതയും അമർഷവും, അതോടൊപ്പം അവതാരപുരുഷനെപ്പോലെ വാഗ്ദാനങ്ങൾ നൽകിയ ഒരു നേതൃരൂപത്തോടുള്ള പ്രതീക്ഷകളും പ്രതിഫലിച്ചതാണ് എന്നാണ് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്.. അതുകൊണ്ടു തന്നെ 2019ലെ തെരഞ്ഞെടുപ്പിൽ 2014 ലെ തരംഗത്തിന് മാറ്റമുണ്ടാകുമെന്നും സ്വാഭാവികമായും ഭരണ വിരുദ്ധ ചേരി കണക്കുകൂട്ടി എന്നാൽ ഈ പ്രതീക്ഷകളേയും അനുമാനങ്ങളെയും തകിടംമറിച്ച ദിവസമാണ് 2019 മെയ് 23. ഭരണമുന്നണി 38.5% ൽനിന്ന് 45% വോട്ട് ഷെയർ ഉയർത്തിയും പ്രധാന ഭരണ കക്ഷി 31% നിന്ന് 37% വോട്ട് ഷെയർ ഉയർത്തുകയും ചെയ്ത് അധികാരം നിലനിർത്തിയപ്പോൾ ഇന്ത്യൻ ജനാധിപത്യം വളരെ സുപ്രധാനമായ ഒരു സന്ധിയിലേക്ക് പ്രവേശിക്കുകയായിരുന്നു.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഏറെ വിവാദങ്ങളും ആക്ഷേപങ്ങളും നിറഞ്ഞ ഒരു തെരഞ്ഞെടുപ്പാണ് കടന്നുപോയത്. വോട്ടിംഗ് മെഷീനിലെ അട്ടിമറി സാധ്യതകളെപ്പറ്റി



ഡ്യൂസ് എന്ന പദം ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
ടെന്നീസ്

സാമൂഹ്യമാധ്യമങ്ങളിൽ നിറയുന്നുണ്ടെങ്കിലും അത്തരമൊരു ആരോപണം പ്രതിപക്ഷത്തെ പ്രധാന രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വങ്ങളിൽ നിന്നുണ്ടാവുകയോ ഒരു രാഷ്ട്രീയ കക്ഷിയും നീതിപീഠത്തെ സമീപിക്കുകയോ ചെയ്യാത്തതിനാൽ അതിനെ മുഖവിലയക്കെടുക്കാൻ കഴിയില്ല.

2019 ലെ തെരഞ്ഞെടുപ്പു കഴിയുമ്പോൾ പ്രധാന ചർച്ച 2024 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ഉൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികളുടെ തിരിച്ചുവരവിന്റെ സാധ്യതകളല്ല, മറിച്ച് 2024 ൽ ഇനിയൊരു തെരഞ്ഞെടുപ്പ് ഉണ്ടാകുമോ എന്നുള്ളതാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെപ്പറ്റി ഉയരുന്ന വലിയ ആശങ്കയും അതുതന്നെ. രാജ്യ സഭയിൽ ഉണ്ടാകുവാൻ പോകുന്ന ഭൂരിപക്ഷവും സംസ്ഥാന നിയമ സഭകളിലുള്ള ഭൂരിപക്ഷവും ഭരണഘടന തിരുത്തുവാൻ കഴിയുന്ന അധികാരത്തിലേക്ക് ദേശീയ ജനാധിപത്യ സഖ്യത്തെ വളർത്തും എന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ അഭിപ്രായം. കാശ്മീരിന്റെ പ്രത്യേക പദവി പോലുള്ള കാര്യങ്ങളിൽ ഇത്തരത്തിലുള്ള അധികാര പ്രയോഗത്തിന് സർക്കാർ തുനിഞ്ഞേക്കുമെങ്കിലും തെരഞ്ഞെടുപ്പുകൾ കൂടാതെ അധികാരം കൈയ്യാളാൻ തക്ക തരത്തിലേക്ക് മാറ്റങ്ങൾ ഉണ്ടാകില്ല. കാരണം, ഇന്ത്യയിലെ ജനങ്ങളുടെ വിശ്വാസം സർക്കാരിന് നിലനിർത്തുവാൻ തെരഞ്ഞെടുപ്പ് എന്ന പ്രക്രിയയിലൂടെ കടന്നുപോയേ മതിയാകൂ. എന്നാൽ പാർലമെന്ററി രീതിയിൽ നിന്ന് പ്രസിഡൻഷ്യൽ രീതിയിലേക്ക് തെരഞ്ഞെടുപ്പ് മാറുവാനുള്ള ഒരു വിദൂര സാധ്യത ഉണ്ട്. അധികാരത്തിന്റെ ലഹരിയിൽ പങ്കുപറ്റുന്നവർ അത് ഒരു വ്യക്തിയിലേക്ക് ഒതുങ്ങത്തക്കവിധം വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുമോ എന്നത് പ്രധാനമാണ്.

ജനാധിപത്യത്തിന്റെ ഭാവി സംബന്ധിച്ചുള്ള ആശങ്കകളിൽ തെരഞ്ഞെടുപ്പ് പ്രക്രിയയേക്കാൾ പ്രധാനം ഭരണഘടനാ സ്ഥാപനങ്ങളുടെ നിലനിൽപ്പും സ്വഭാവവും സംബന്ധിച്ചാണ്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ സുതാര്യതയും നിഷ്പക്ഷതയും ഇപ്പോൾതന്നെ സംശയത്തിന്റെ നിഴലിലാണ്. ഭരണഘടനയുടെ നിലനിൽപ്പും നിയമവാഴ്ചയും സാധ്യമാകുന്നത് നിഷ്പക്ഷവും കർക്കശവുമായ ഒരു ജുഡീഷ്യറി പ്രവർത്തിക്കുമ്പോഴാണ്. ഇന്ത്യൻ ജുഡീഷ്യറി പക്ഷപാതിത്വപരമായാണ് കാര്യങ്ങളെ സമീപിക്കുന്നത് എന്ന് പറയുവാൻ കഴിയില്ലെങ്കിലും പല കാര്യങ്ങളിലും ജഡ്ജിമാരുടെ നിയമനകാര്യത്തിൽ രാഷ്ട്രീയ താൽപ്പര്യത്തോടെ സർക്കാർ നടത്തുന്ന ഇടപെടലുകൾ ജുഡീഷ്യറിയുടെ വിശ്വാസ്യത തകർക്കുന്നതാണ്. ജനാധിപത്യ അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ നീതിന്യായവ്യവസ്ഥ ആശ്രയമാകാതെ വന്നാൽ പിന്നീടുള്ള രണ്ട് സാധ്യതകൾ ഒന്ന് ലഹള, രണ്ട് മൗനം.

ന്യൂന പക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങളേക്കാൾ അവരുടെ നിലനിൽപ്പിന് തുരങ്കം വയ്ക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ ചെയ്യുവാനാണ് പ്രതിലോമശക്തികൾ ശ്രമിച്ചുകൊണ്ടിരിയ്ക്കുന്നത്. പ്രതിലോമ ശക്തികൾ ശ്രമിക്കുന്നത് ഇത്തരം കുറ്റങ്ങളിൽ ഏർപ്പെടുന്നവർ ശിക്ഷിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല, അവർക്ക് വീരപരിവേഷം ലഭിക്കുന്നു എന്നത് ഭയം ജനിപ്പിക്കുന്നതാണ്.

ജനാധിപത്യ പ്രക്രിയ ഒരു രാജ്യത്ത് അർത്ഥപൂർണ്ണ മാകുന്നത് സുതാര്യമായി വോട്ടിംഗ് നടക്കുന്നു എന്ന തുകൊണ്ട് മാത്രമല്ല; അതിൽ എല്ലാ ജനവിഭാഗങ്ങളുടെയും താൽപ്പര്യങ്ങൾ പ്രതിനിധീകരിക്കപ്പെടുന്നു എന്നതുകൊണ്ട് കൂടിയാണ്. ഒരു പരിധിവരെ ഇന്ത്യൻ ജനാധിപത്യം ഇതിൽ വിജയിച്ചിരുന്നതുമാണ്. എന്നാൽ ബഹുസ്വരതകളെ ഇല്ലായ്മ ചെയ്ത്കൊണ്ട് ഭൂരിപക്ഷത്തിന്റെ ശബ്ദം മാത്രം രാജ്യത്തിന്റെ ശബ്ദം നൽകുവാനുള്ള ശ്രമങ്ങളാണ് യഥാർത്ഥത്തിൽ ജനാധിപത്യത്തിൽ കൂടുതൽ അപകടം. അധികാരം നിലനിർത്തുവാൻ ഒരുപക്ഷം പരസ്യമായി ഇതിനെ മുന്നിൽ നിരത്തുമ്പോൾ അധികാരം പിടിച്ചെടുക്കാനുള്ള തത്രപ്പാടിൽ ഇതിനെ എതിർത്ത് നിൽക്കേണ്ടവരും ഏറെക്കുറെ ഈ മാർഗ്ഗത്തിൽ തന്നെയാണ്. ന്യൂന പക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങളേക്കാൾ അവരുടെ നിലനിൽപ്പിന് തുരങ്കം വയ്ക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ ചെയ്യുവാനാണ് പ്രതിലോമ ശക്തികൾ ശ്രമിക്കുന്നത്. ഇത്തരം കുറ്റങ്ങളിൽ ഏർപ്പെടുന്നവർ ശിക്ഷിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല, അവർക്ക് വീരപരിവേഷം ലഭിക്കുന്നു എന്നത് ഭയം ജനിപ്പിക്കുന്നതാണ്. വർഗ്ഗീയത




പറക്കാൻ കഴിവുണ്ടെങ്കിലും തറയിൽനിന്നു മാത്രം ഇര തേടുന്ന പക്ഷി?
സെക്രട്ടറി പക്ഷി

എന്നത് രഹസ്യമായി ഉപയോഗിക്കപ്പെടുന്ന ആയുധം എന്നതിൽനിന്ന് പരസ്യമായി ആഘോഷിക്കുന്ന ഒന്നായിമാറി എന്നതാണ് കഴിഞ്ഞ അഞ്ചുവർഷം കൊണ്ടുണ്ടായ വലിയ മാറ്റം. ജാതിരാഷ്ട്രീയം കളിച്ച് അധികാരം നിലനിർത്തിയിരുന്ന ഒരു സംവിധാനം ഇന്ത്യൻ ജനാധിപത്യത്തിന്റെ രഹസ്യമായ ഒരു മുഖം ആയിരുന്നു. എന്നാൽ അതിനെ മതരാഷ്ട്രീയം കൊണ്ട് തകർക്കുകയാണ് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നത്. ഹിന്ദുമതം ഭൂരിപക്ഷമാണ് എന്ന വസ്തുതയെ രാഷ്ട്രീയമായി ചൂഷണം ചെയ്യാനുള്ള ശ്രമത്തിൽ ഭൂരിപക്ഷ സമൂഹം വീണുപോയി എന്ന് പരിതപിക്കുന്നതിലുപരി അതിന്റെ കാരണങ്ങളിലേക്ക് കൂടെ കടന്നു ചെല്ലേണ്ടത് ആവശ്യമാണ്.

വോട്ട് ബാങ്കിന്റെ അടിത്തറ പരിശോധിക്കുമ്പോൾ ഒരു നാഗരിക മധ്യവർഗ്ഗ പിന്തുണയുള്ള പാർട്ടിയാണ് ബി.ജെ.പി. വിദ്യാഭ്യാസം ഉണ്ടായിട്ടും ജാതി–ന്യൂനപക്ഷ സംവരണത്തിന്റെ പേരിൽ അവസരങ്ങൾ നിഷേധിക്കപ്പെട്ട ഭൂരിപക്ഷ മധ്യവർഗ്ഗത്തിന്റെ പ്രതിഷേധം പ്രകടിപ്പിക്കുവാൻ ഉള്ള മാർഗ്ഗമായിരുന്നു ഹിന്ദുത്വത്തിൽ പൊതിഞ്ഞ ബി.ജെ.പി യുടെ രാഷ്ട്രീയ ശൈലി. ഹൈന്ദവ ഐക്യം എന്ന് പൊതുവേ പറയപ്പെടുന്നിടത്തും ഭൂരിപക്ഷത്തിലെ മുന്നോക്ക താൽപ്പര്യങ്ങളാണ് ബി.ജെ.പി യുടെയും രാഷ്ട്രീയ താൽപ്പര്യം. ഭരണഘടനാശില്പികൾ നിശ്ചിതകാലത്തേക്ക് വിഭാവനം ചെയ്ത സംവരണ തത്വങ്ങൾ പിന്നോക്ക നടപടിയോടുള്ള പ്രതിഷേധം കൂടിയാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ കണ്ടത്. രാഷ്ട്രീയ വിലപേശലുകൾക്ക് വഴങ്ങിക്കൊടുക്കേണ്ടാത്തവിധം ഭൂരിപക്ഷമുള്ള ഒരു സർക്കാരിൽനിന്ന് സംവരണ തത്വങ്ങളിൽ നിയന്ത്രണം വന്നാലും അത്ഭുതപ്പെടാനില്ല.

ഒരു ജനാധിപത്യ സംവിധാനം ആരോഗ്യകരമായി നിലനിർത്തുന്നത് അതിലെ പ്രതിപക്ഷമാണ്. രാഷ്ട്രീയ കക്ഷികൾ മാത്രമല്ല, മാധ്യമങ്ങളും നിർവ്വഹിക്കേണ്ടത് ക്രിയാത്മക പ്രതിപക്ഷ വിമർശനമാണ്. ഇന്ത്യൻ ജനാധിപത്യ സംവിധാനം രോഗാതുരമായിക്കൊണ്ടിരിക്കുന്നതിന്റെ ഏറ്റവും വലിയ സൂചനയും പ്രതിപക്ഷ ദൗത്യത്തിനുണ്ടാകുന്ന അപചയമാണ്. വിലയ്ക്കെടുക്കാവുന്ന മാധ്യമങ്ങൾ ഭരണപക്ഷ ന്യായീകരണത്തിന്റെ ജിഹ്വകളാകുമ്പോൾ ഭരണപക്ഷത്തിനെതിരെ വിമർശനങ്ങൾ ഉന്നയിക്കുന്നവരെ രാജ്യദ്രോഹികളും ശത്രുക്കളുമാക്കുമ്പോൾ ജനാധിപത്യത്തിന്റെ നാലാം തൂണ് തകർന്ന് തുടങ്ങുകയാണ്. പ്രതിപക്ഷ പാർട്ടികൾക്ക് ലഭിക്കുന്ന വോട്ടിൽ ഉണ്ടാകുന്ന കുറവിനേക്കാൾ ജനാധിപത്യത്തെ ദുർബലമാക്കുന്നത് പ്രതിപക്ഷത്തെ വിഴുങ്ങുന്ന ഭരണ പക്ഷമാണ്. അധികാരം നഷ്ടപ്പെടുമ്പോൾ കൂട്ടത്തോടെ കൂറ് മാറുന്ന പ്രതിപക്ഷ പാർട്ടികളിലെ നേതാക്കൾ അവരുടെ ഭൂതകാല രാഷ്ട്രീയ പ്രവർത്തനങ്ങളിലെ ആത്മാർത്ഥതയാണ് വെളിപ്പെടുത്തുന്നത്. അത്തരം നേതാക്കളെ വിശ്വസിച്ച് അടിത്തട്ടിലെ ജനവികാരം മനസ്സിലാക്കാൻ പരാജയപ്പെട്ടതാണ് പല പ്രസ്ഥാനങ്ങളുടെയും തകർച്ചയ്ക്ക് കാരണം. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയെപ്പറ്റി ചിന്തിക്കുമ്പോൾ അതിന്റെ ഭൂതകാലവും വർത്തമാന കാലവും പഠിക്കണം. സംഖ്യകളുടെ മാന്ത്രികതയ്ക്കപ്പുറം വിവേകത്തോടെയും വിവേചനത്തോടെയും ഉള്ള ജനങ്ങളുടെ വിധിയെഴുത്ത് എത്ര തെരഞ്ഞെടുപ്പുകളിൽ ഉണ്ടായിട്ടുണ്ടെന്നത് പ്രസക്തമായ കാര്യമാണ്. വൈകാരികമായി തെരഞ്ഞെടുപ്പിനെ സ്വീകരിച്ച ജനങ്ങൾക്ക് അവർ പ്രതീക്ഷിക്കുന്ന സംതൃപ്തി നൽകുവാൻ അധികാരത്തിലേറിയവർക്ക് പൂർണ്ണമായും സാധിച്ചിട്ടില്ല. ആ അസംതൃപ്തിയും അമർഷങ്ങളുമാണ് ഭരണമാറ്റത്തിലേക്കും നയിച്ചിട്ടുള്ളത്. സ്വാർത്ഥമായ നേതൃത്വവും സ്വന്ത സുരക്ഷമാത്രം നോക്കി പ്രതികരണങ്ങൾ അടക്കി വയ്ക്കുന്ന ജനതയും ആയിരിക്കുന്നിടത്തോളം ജനാധിപത്യം നിലനിൽക്കും. രോഗാതുരമായി ഗാന്ധിയുടെ പിന്നിൽ അണിനിരന്ന പേരില്ലാത്ത ലക്ഷക്കണക്കിനാളുകൾ ഒന്ന് പറയുന്നു. ഇന്നിന്റെ ഉടച്ചുവാർക്കലിനായി, നാളെയുടെ നന്മയ്ക്കായി നഷ്ടങ്ങൾ ഉണ്ടാകുന്ന ചില സമരങ്ങൾ ആവശ്യമാണ്.

●




ഏഷ്യയേയും യൂറോപ്പിനേയും വേർതിരിക്കുന്ന പർവ്വതനിര?
യുറാൽ



# പരിസ്ഥിതിശോഷണം
## കാരണങ്ങൾ, പ്രതിവിധികൾ



ഡെന്നി എസ്.

ഇന്ന് ലോകം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് പരിസ്ഥിതിശോഷണം അഥവാ Environmental Degradation. ഭൂമിയെ രൂക്ഷമായി ഗ്രസിച്ചിരിക്കുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ ഏതൊക്കെയാണ് എന്ന് പരിശോധിക്കാം.

**ആഗോളതാപനം**

അന്തരീക്ഷത്തിലുള്ള ഹരിതഗൃഹ വാതകങ്ങൾ (Green hourse gases) നീരാവി, കാർബൺഡയോക്സൈഡ് ($CO_2$) നൈട്രസ് ഓക്സൈഡ്, മീതെൻ, ഓസോൺ തുടങ്ങിയവ ഭൂമിയെ ഒരു പുതപ്പുപോലെ ആവരണം ചെയ്ത് ജീവൻ നിലനിൽക്കുന്നതിന് അനുയോജ്യമായ ചൂട് പ്രദാനം ചെയ്യുന്നു. മറ്റു ഗ്രഹങ്ങളിൽനിന്ന് ഭൂമിയെ വ്യത്യസ്ഥമാക്കുന്ന പ്രധാനഘടകങ്ങളാണ് ഇത്. പക്ഷേ ഈ വാതകങ്ങളുടെ അളവ് പരിധിവിട്ട് കൂടിയാൽ ചൂട് വർദ്ധിക്കുകയും ചെയ്യും.

1850 നുശേഷം വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി ഫോസിൽ ഇന്ധനങ്ങൾ– കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം തുടങ്ങിയവയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും അന്തരീക്ഷത്തിലെ $CO_2$ ന്റെ അളവ് 40 ശതമാനത്തോളം ഉയരുകയും ചെയ്തു. അതേസമയം $CO_2$ നെ ആഗിരണം ചെയ്യുന്ന മരങ്ങൾ വെട്ടിനശിപ്പിക്കപ്പെടുകയും വനവിസ്തൃതി കുറയുകയും ചെയ്തു.

കഴിഞ്ഞ 150 വർഷങ്ങൾകൊണ്ട് ആഗോള ശരാശരി താപനില 0.80 C ഉയർന്ന് 150 C ആയിരിക്കുന്നു. ഭൂമിയിലെ സകല സ്ഥലങ്ങളിലെയും (ധ്രുവപ്രദേശം ഉൾപ്പെടെ) ഒരു വർഷത്തെ പകൽ / രാത്രി താപനിലയുടെ ശരാശരി ആണിത്. ഇന്ത്യയേപ്പോലെ ഭൂമധ്യരേഖയോട് ചേർന്നുകിടക്കുന്ന രാജ്യങ്ങളിൽ വേന





ആദ്യത്തെ വയലാർ അവാർഡ് നേടിയത്?
ലളിതാംബികാ അന്തർജ്ജനം

ൽക്കാലത്തെ പകൽ ഊഷ്മാവിലെ വർദ്ധന ഇതിലും വളരെയധികം ആയിരിക്കും.

21–ാം നൂറ്റാണ്ടിൽ ഓരോ ദശകത്തിലും 0.20C നു മുകളിലുള്ള താപനില വർദ്ധിക്കുന്നു. ലോകചരിത്രത്തിലെ ഏറ്റവും ചൂടുകൂടിയ 18 വർഷങ്ങളിൽ 16 ഉം ഈ നൂറ്റാണ്ടിലാണ്. ഈ നിലയിൽ മുന്നോട്ടുപോയാൽ 2040 ആവുമ്പോൾ 1.50C ഉം 2100 ൽ 60C വരെയും താപനില ഉയർന്നേക്കാം. ഇത് ജീവന്റെ നിലനിൽപ്പിന് വൻഭീഷണി ഉയർത്തും.

**സമുദ്രനിരപ്പ് ഉയരുന്നത്**

ആഗോളതാപനത്തിന്റെ ഫലമായി ധ്രുവപ്രദേശങ്ങളിലെ മഞ്ഞുപാളികൾ ഉരുകുകയും സമുദ്രജലനിരപ്പ് ഉയരുകയും ചെയ്യും. 2100 ഓടുകൂടി നാല് അടി വരെ ഉയരാൻ സാധ്യതയുണ്ട്. ഭൂമിയിലെ താഴ്ന്ന കരഭാഗങ്ങൾ മുഴുവൻ കടൽ വിഴുങ്ങും.

കാലാവസ്ഥാ വ്യതിയാനം ആഗോളതാപനത്തിന്റെ ഫലമായി കാലാവസ്ഥയിൽ വൻ മാറ്റങ്ങൾ ഉണ്ടാവും.

മഴ, ശൈത്യം, വേനൽ തുടങ്ങി എല്ലാ ഋതുക്കളും തീവ്രമാകും. (Extreme Weather) ഒരുഭാഗത്ത് രൂക്ഷമായ വരൾച്ചയും ജലക്ഷാമവും. മറ്റൊരിടത്ത് പേമാരിയും വെള്ളപ്പൊക്കവും.

മരുഭൂമികൾ വിസ്തൃതമാവും, ശക്തമായ സൂര്യാഘാതം ഉണ്ടാവും, വ്യാപകമായ കൃഷിനാശം സംഭവിക്കും.



കാലാവസ്ഥാവ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കേരളം അനുഭവിച്ച് തുടങ്ങിക്കഴിഞ്ഞു. 2017 ലെ ഓഖി ചുഴലിക്കാറ്റും കാലാവസ്ഥാവ്യതിയാനവും തമ്മിലുള്ള ബന്ധം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. വരണ്ടസ്ഥലങ്ങളിൽ മാത്രം കാണുന്ന പലജീവികളും (ഉദാ: മയിൽ) കേരളത്തിൽ ഇപ്പോൾ വ്യാപകമായി കാണപ്പെടുന്നത് നല്ല സൂചന അല്ല.

**വായു മലിനീകരണം**

ദോഷകരമായ വാതകങ്ങൾ, കണികകൾ, എന്നിവ വായുവിൽ കലർന്ന് അലർജി, രോഗങ്ങൾ എന്നിവയും മരണം വരെയും സംഭവിക്കാം. WHO കണക്കു പ്രകാരം ഒരുവർഷം 70ലക്ഷം പേർ വായുമലിനീകരണം മൂലം മരിക്കുന്നു.

**പ്രധാന കാരണങ്ങൾ :–**

വാഹനങ്ങൾ, ഫാക്ടറികൾ, വൈദ്യുതി നിലയങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള പുക (CO, CO2, SFx) മീതൈൻ, നൈട്രസ് ഓക്സൈഡ്, ഇഎഇ, എയ്റോസോൾ, അമോണിയ, വാർണിഷ്, വിവിധ സ്പ്രേകൾ, കീടനാശിനികൾ, ലെഡ്, മെർക്കുറി സംയുക്തങ്ങൾ.

ഗാർഹിക, വ്യാവസായിക മാലിന്യങ്ങൾ കത്തിക്കുന്നത്, കൃഷിയിടങ്ങൾ തീയിടുന്നത് എന്നിവ കൊണ്ടാണ് പല വിദേശ നഗരങ്ങളിലും രൂക്ഷമായ വായു മലിനീകരണം മൂലം ഓക്സിജൻ സിലിണ്ടറുകളും പാർലറുകളും ഒരു പുതുമയല്ലാതായി മാറി. ഡൽഹിയിലെ വായു മലിനീകരണ തോത് വളരെ ഉയർന്നതാണ്. മറ്റു നഗരങ്ങളിലും വായു മലിനീകരണം വർദ്ധിക്കുന്നു. വരും നാളുകളിൽ ഓക്സിജൻ പാർലറുകൾ നമ്മുടെ നാട്ടിലും സാധാരണമാകും.

**ജലക്ഷാമം**

ലോകത്ത് 50 കോടി ആളുകൾ എങ്കിലും വർഷം മുഴുവനും കുടിവെള്ളക്ഷാമം നേരിടുന്നു. ജനസംഖ്യാ വർദ്ധനവ്, ഉപഭോഗം, നഗരവൽക്കരണം, വനനശീകരണം, ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം തുടങ്ങിയവയൊക്കെ ജലക്ഷാമത്തിന് കാരണമാവുന്നു. 2010 ഓടുകൂടി 21 ഇന്ത്യൻ നഗരങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടും. കേരളത്തിലെ ഭൂഗർഭജലവിതാനം അപകടകരമായ വിധത്തിൽ താഴ്ന്നു കൊണ്ടിരിക്കുകയാണ്.

**ജലമലിനീകരണം**

കുടിവെള്ള സ്രോതസ്സുകളിൽ ജൈവ, രാസ

മാലിന്യങ്ങൾ നിക്ഷേപിച്ച് മനുഷ്യൻ തന്നെ വരുത്തിവയ്ക്കുന്ന വിനയാണിത്. ഓരോ ദിവസവും 580 പേരാണ് ഇന്ത്യയിൽ ജലമലിനീകരണവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ മൂലം മരണമടയുന്നത്.




**പ്ലാസ്റ്റിക് മലിനീകരണം**

പ്ലാസ്റ്റിക് മാലിന്യങ്ങൾ മണ്ണിനെയും, ജലത്തെയും മലിനമാക്കുന്നു. നിരവധി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. മഴവെള്ളം ഭൂമിയി ലേക്ക് ആഴ്ന്നിറങ്ങുന്നത് തടയുന്നു. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ നിരവധി വിഷവാതകങ്ങൾ ഉണ്ടാകുന്നു. ഭക്ഷണമെന്നു കരുതി പ്ലാസ്റ്റിക് ഭക്ഷിക്കുന്ന ജീവികൾ നരകയാതന അനുഭവിച്ച് മരിക്കുന്നു. ശരീരത്തിൽ പ്ലാസ്റ്റിക് കുടുങ്ങിയ ജീവികൾ കൊല്ലാക്കൊല ചെയ്യപ്പെടുന്നു. നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ പൊടിഞ്ഞ് വളരെ ചെറിയ കണങ്ങളായി (നാനോ പ്ലാസ്റ്റിക്) ഭക്ഷണം, വെള്ളം, ഉപ്പ് തുടങ്ങിയ രൂപത്തിൽ നമ്മുടെ ശരീരത്തിലേക്ക് പ്രവേശിക്കുകയും രോഗങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

**വനനശീകരണം**

വനങ്ങൾ നശിപ്പിക്കുന്നതുമൂലം ചൂട് വർദ്ധിക്കും. ജലക്ഷാമം ഉണ്ടാകും. മണ്ണൊലിപ്പ് കൂടും. മണ്ണിലെ ജൈവാംശം ഇല്ലാതെയായി ഉപയോഗശൂന്യമാവും. ഭൂഗർഭ ജലനിരപ്പ് കുറയും. നദികൾ വറ്റിവരളും. ആവാസ വ്യവസ്ഥകൾ തകരും. ജീവജാലങ്ങൾക്ക് ഭക്ഷണവും വാസസ്ഥലവും ഇല്ലാതെയാകും. വായുവിൽ ഓക്സിജന്റെ അളവ്കുറയും. കാർബൺ ആഗിരണശേഷി കുറയും.

അന്തരീക്ഷ താപനില ഉയരുന്നത് ജീവിവർഗ്ഗങ്ങളെ എങ്ങനെ സ്വാധീനിക്കും എന്നത് പ്രവചനാതീതമാണ്. ഒരു ചെറിയ ഉദാഹരണം നോക്കാം. കടൽത്തീരത്തെ മണലിൽ മുട്ടയിടുന്ന കടലാമകളുടെ മുട്ടവിരിയുന്നതും താപനിലയും തമ്മിൽ രസകരമായ ഒരു ബന്ധം ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. മണലിന്റെ ചൂട് 31.1 0C നു മുകളിൽ ആണെങ്കിൽ പെൺകടലാമ കുഞ്ഞുങ്ങൾ മാത്രമേ വിരിഞ്ഞിറങ്ങുകയുള്ളു. താപനില 27.8 0C നു താഴെയാണെങ്കിൽ ആൺകടലാമ കുഞ്ഞുങ്ങൾ മാത്രവും. (അവലംബം : climak.nasa.gov)

**മനുഷ്യനിർമ്മിത പരിസ്ഥിതി ആഘാതം**

**(Human Induced Ecological Impacty)**

മനുഷ്യൻ ചെയ്യുന്ന മിക്ക പ്രവർത്തനങ്ങൾക്കും ഒരു പരിസ്ഥിതി ആഘാതം (Ecological Impact) ഉണ്ട്. വീട് നിർമ്മാണം, വാഹനം, എയർകണ്ടീഷണർ, വൈദ്യുതി ഉപകരണങ്ങൾ, മൊബൈൽ ഫോൺ, വസ്ത്രങ്ങൾ, പാദരക്ഷ തുടങ്ങി മിക്ക കാര്യങ്ങൾക്കും കാർബൺ പുറന്തള്ളലോ, വെള്ളത്തിന്റെ ഉപയോഗമോ, മലിനീകരണമോ നടന്നിട്ടുണ്ടാവും. (ഉദാ. ഒരുജോഡി ജീൻസ് = 3000 ലിറ്റർ വെള്ളം) (1 കിലോഗ്രാം സിമന്റ് = 900 ഗ്രാം കാർബൺ). ഓരോ മനുഷ്യന്റെയും ആവശ്യത്തിനായി ഉപയോഗിക്കുന്ന കാർബണിന്റെ അളവിനെ കാർബൺ പാദമുദ്ര (Carbon footprint) എന്നു പറയുന്നു. അതുപോലെതന്നെ ജലപാദമുദ്ര, പ്ലാസ്റ്റിക് പാദമുദ്ര തുടങ്ങിയ പ്രയോഗങ്ങളും ഉണ്ട്. വ്യക്തികൾക്കും, കുടുംബത്തിലും, രാജ്യങ്ങൾക്കും ഇത് ബാധകമാണ്. ആർക്കാണോ ഏറ്റവും കുറഞ്ഞ പാദമുദ്ര ഉള്ളത് അയാളാണ് പ്രകൃതിയെ ഏറ്റവും കുറച്ച് ദ്രോഹിച്ചിട്ടുള്ളത്. മരങ്ങൾ നട്ടുപിടിപ്പിച്ചും, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും മറ്റു പരിസ്ഥിതി സൗഹൃദ മാർക്ഷങ്ങളിലൂടെയും നമ്മുടെ പാദമുദ്ര ചെറുതാക്കാൻ സാധിക്കുന്നു.

വിവേകശൂന്യമായ നമ്മുടെ പ്രവർത്തനങ്ങൾ വരുംതലമുറയുടെ നിലനിൽപ്പിനെയാണ് ചോദ്യം ചെയ്യുന്നത് എന്നതെങ്കിലും മറക്കാതിരിക്കാം.

●



# ശ്ലീഹാനോമ്പ്



ഫാ. ജെറിൻ ജോൺ

പഠനം

### ആമുഖം

നോമ്പ്, കാഴ്ചകളിൽ നനവ് പേറുന്ന കാലം. ഹൃദയത്തിന്റെ ഗദ്ഗദങ്ങളെ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രതികരിക്കേണ്ട കാലം. കാലത്തിന്റെ മുറിപ്പാടുകളെ മാറ്റുവാൻ പ്രാർത്ഥനയാകുന്ന ലേപനം പുരട്ടേണ്ടുന്ന കാലം. കാലത്തിന്റെ ചുവരെഴുത്തുകളെ വായിച്ച്, വെല്ലുവിളികളെ മനസ്സിലാക്കി ജീവിതത്തെ പുന:ക്രമീകരിക്കുവാനുള്ള കാലം. ജീവന്റെ സമൃദ്ധിയിലേക്ക് നമ്മെ ആനയിക്കുന്ന കാലം. നോമ്പ് ഗുരുസാന്നിദ്ധ്യമാണ്. അത് അഗ്നിസ്നാനമാണ്. പഴകിയ ശീലങ്ങളും, മരവിപ്പുകളും കത്തിയമർന്ന് പുത്തൻ ചൈതന്യമുണ്ടാകേണ്ടകാലം. പെന്തിക്കോസ്തിയുടെ പരിശുദ്ധാത്മ അഗ്നിയിൽ പുതുക്കത്തിന്റെ ആത്മാവിനെ പ്രാപിച്ചവർക്ക് പ്രകാശവസ്ത്രത്തെ സ്വീകരിക്കുവാൻ വീണ്ടും ഒരോർമ്മപ്പെടുത്തലിന്റെ കാലഘട്ടം സമാഗതമായി.

### ശ്ലീഹാനോമ്പ് – മലങ്കര സഭയിൽ

ശ്ലീഹാനോമ്പ് എന്നും പതിമൂന്ന് നോമ്പ് എന്നും അറിയപ്പെടുന്ന ഈ പരിശുദ്ധ നോമ്പ് അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിൽ നിന്നും മലങ്കരസഭ സ്വീകരിച്ച അഞ്ച് കാനോനിക നോമ്പിൽ ഉൾപ്പെട്ടതാണ്. കർത്താവിന്റെ പന്ത്രണ്ട് ശ്ലീഹന്മാരെയും, പൗലോസ് ശ്ലീഹായുടെയും ബഹുമാനാർത്ഥമാണ് ഇത് ആചരിക്കുന്നത്. ഗ്രീഗോറിയൻ കലണ്ടർപ്രകാരം ജൂൺ 16 മുതൽ 29 വരെ ഇത് അനുഷ്ഠിക്കപ്പെടുന്നു. ജൂൺ 29 പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ദുക്റോനോയോടുകൂടിയാണ് നോമ്പ് വീടുന്നത്. ജൂൺ 30 ശ്ലീഹന്മാരെ പൊതുവായി അനുസ്മരിക്കുകയും ചെയ്യുന്നു.

### ചരിത്ര പശ്ചാത്തലം

വളരെയേറെ പ്രാധാന്യം നൽകിയാണ് ലോകമെമ്പാടുമുള്ള ഓർത്തഡോക്സ് സഭകൾ ശ്ലീഹാനോമ്പ് ആചരിക്കുന്നത്. നോമ്പിന്റെ ദൈർഘ്യത്തിന് പല ഓർത്തഡോക്സ് സഭകളിലും വ്യത്യാസം കാണുന്നുണ്ട്. എന്നാൽ ആദിമ നൂറ്റാണ്ടിൽതന്നെ ഈ നോമ്പിന് പ്രാധാന്യം ലഭിച്ചിരുന്നു. Apostles Fast എന്നും The Fast of the Apostles എന്നും ഇതിന് പേരുണ്ടായിരുന്നു. സെന്റ് അത്താനാസിയോസ് ദി ഗ്രേറ്റ് (+373), സെന്റ് ആംബ്രോസ് (+397), സെന്റ് ലിയോ ദി ഗ്രേറ്റ് (+461) തുടങ്ങിയവരുടെ ലിഖിതങ്ങളിൽ ഇത് ആചരിക്കേണ്ട ആവശ്യകത പ്രതിപാദിച്ചി

ലോകത്തെ ആദ്യത്തെ മനശാസ്ത്ര പരീക്ഷണശാല
ഏത് രാജ്യത്താണ് സ്ഥാപിച്ചത്?
ജർമ്മനി

ട്ടുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഈ നോമ്പ് പെന്തക്കോസ്തിയോട് ചേർത്തു. പിന്നീട്, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ദുക്റോനോയുടെ ഒരുക്കദിവസങ്ങളായും ഈ നോമ്പിനെ കാണുവാനായി തുടങ്ങി. സെന്റ് സീമയോൻ ഓഫ് തെസലോ നിക്കയുടെ (+1429) ലിഖിതങ്ങളിൽ "The Fast of the Apostles is justly established in their honour, for through them we have received numerous benifits and for us they are examplars and trachers of the fast...For one week, after the descent of the Holy Spirit, in accordance with the Apostolic Constitution composed by clement, we celebrate and then during the following week, we fast in honour of the Apostles".

**ശ്ലീഹാനോമ്പ് – വിവിധ ഓർത്തഡോക്സ് സഭകളിൽ**

ഈ നോമ്പിന് വിപുലമായ ആരംഭം നൽകുന്നത് റോമാ സാമ്രാജ്യമാണ്. പത്രോസിന്റെയും പൗലോസിന്റെയും കബറിടങ്ങൾ സ്ഥിതി ചെയ്യുന്നത് ആദ്യ തലസ്ഥാനമായ റോമിലാണ്. തദ്ദേശീയ റോമാ സഭകൾക്ക് പത്രോസ് – പൗലോസ് അപ്പോസ്തോലന്മാരെ വിസ്മരിക്കുവാൻ കഴിയില്ല. അങ്ങനെ റോമാ സാമ്രാജ്യത്തിനുള്ളിലെ പുരാതന സഭകൾ പത്രോസ് പൗലോസ് അപ്പോസ്തോലന്മാരുടെ ദുക്റോനോയും അതിന്റെ ഒരുക്കമെന്നോണം നോമ്പും സ്വീകരിച്ചു. എന്നാൽ വിവിധ സഭകൾ വിവിധ ദിവസങ്ങളിൽ നോമ്പ് ആചരിക്കുവാൻ തുടങ്ങി. കോപ്റ്റിക് സഭയിൽ 40 ദിവസംവരെ നീളുന്ന ആചരണമാണ് അന്തോഖ്യൻ സഭയും ഇതിന് സമാനമായ രീതിയാണ് അവലംബിക്കുന്നതെങ്കിലും പിന്നീട് ദൈർഘ്യം കുറച്ചതായി കാണുന്നുണ്ട്. പാശ്ചാത്യ സഭകളിൽ ഇത് അപ്രസക്തമായിക്കൊണ്ടിരിക്കയാണ്. ഹൂദായ കോനോനിൽ വ്യത്യസ്ഥ ആചരണങ്ങൾ കാണുന്നുണ്ട്. മലങ്കര സഭയിൽ ആദ്യംമുതൽ 13 ദിവസങ്ങളാണ് ഈ നോമ്പിനായി വേർതിരിച്ചിരിക്കുന്നത്.

റോമാ സാമ്രാജ്യത്തിനുള്ളിൽ പത്രോസ്– പൗലോസ് ശ്ലീഹന്മാർക്കും, വിവിധ ഓർത്തഡോക്സ് സഭകൾ അവരവരുടെ കാവൽ പിതാക്കന്മാർക്കും പ്രാധാന്യം നൽകി ഈ നോമ്പിനെ ക്രമീകരിക്കുമ്പോൾ മലങ്കര സഭയും കാവൽ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളിനോട് (ദുകറോനോ) ചേർന്ന് ഈ നോമ്പ് പുന:ക്രമീകരിക്കുവാൻ അഭിപ്രായം ഉയർന്നിരുന്നു. എന്നാൽ ഇന്നും ജൂൺ 16–29 വരെ നാം ആചരിച്ചുപോരുന്നു.

## ഉറവയിലേക്ക് വേദപഠനം : യുവദർശൻ അവാർഡ് കരസ്ഥമാക്കിയവർ

**ഒന്നാംസ്ഥാനം**



**ഹന്നവർഗ്ഗീസ്**
സെന്റ് ഗ്രീഗോറിയോസ് പേരൂർക്കട
തിരുവനന്തപുരം ഭദ്രാസനം

**രണ്ടാംസ്ഥാനം**



**ശ്രീജ തോമസ്**
മാർ ഏലിയാസ് മീങ്കുളം
തിരുവനന്തപുരം ഭദ്രാസനം



**അൻസു മേരി ബാബു**
സെന്റ്ജോർജ്ജ്, പെരിങ്ങനാട്
അടൂർ - കടമ്പനാട് ഭദ്രാസനം

**മൂന്നാംസ്ഥാനം**



**സുനി ജോർജ്ജ്**
സെന്റ്മേരീസ് അഹമ്മദാബാദ്
അഹമ്മദാബാദ് ഭദ്രാസനം



**ദീപ്തി ജോർജ്ജ്**
മാർ പീലക്സിനോസ് വലിയപള്ളി
അട്ടച്ചാക്കൽ, തുമ്പമൺ ഭദ്രാസനം



**നിത്യ കുഞ്ഞുമോൻ**
സെന്റ്ജോർജ്ജ് വരിഞ്ഞം
തിരുവനന്തപുരം ഭദ്രാസനം



വോയ്സ് ഓഫ് ദ ഹാർട്ട് ആരുടെ ആത്മകഥയാണ്?
മൃണാളിനി സാരാഭായി



# മാതാവ് മരങ്ങളിൽ



*പ്രകൃതിയെ പോറ്റുന്നവന് സ്വന്തം മാംസവും രക്തവും അസ്ഥിയും കൊടുത്തവൾക്ക് വേദനയുടെ നിലയില്ലാക്കയത്തിൽ പ്രകൃതി എന്തുനൽകി?*

**ഫാ. വർഗ്ഗീസ് റ്റി. വർഗ്ഗീസ്**

ധ്യാനം

തിരുജനനത്തിന് ശേഷം ഗബ്രിയേൽ മാലാഖ ജോസഫിന് പ്രത്യക്ഷപ്പെട്ട് ദൈവനിർദ്ദേശം അറിയിച്ചതെന്തെന്നാൽ ഹേരോദാവ് ശിശുവിനെ വധിക്കുവാൻ തീരുമാനിച്ചിരിക്കയാൽ നീ ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ട് മിസ്രേമിലേക്ക് പലായനം ചെയ്യുക.

വി. യൗസേപ്പിൽനിന്ന് വാർത്തയറിഞ്ഞ മാതാവ് ശിശുവിനേയും എടുത്തുകൊണ്ട് യൗസേപ്പിനോടും ചർച്ചക്കാരിയായ ശാലോമിനോടും ഒപ്പം യാത്രയായി. ഈ യാത്രയിലാണ് മാതാവിനും കുഞ്ഞിനും മരങ്ങൾ (പ്രകൃതി) തണലാകുന്നത്.

1. ഈജിപ്റ്റിലേക്കുള്ള യാത്രയ്ക്കിടയിൽ കർഷകർ ഞാറ് നട്ടുകൊണ്ടിരിക്കുന്ന നിലം തിരുകുടുംബം കടന്നുപോയതിന് തൊട്ടുപിന്നാലെ പട്ടാളക്കാരും നിലത്തിന് സമീപം എത്തി. അപ്പോഴേക്കും ഞാറ് വളർന്ന് കതിരായി മാറി. തിരുകുടുംബത്തെ അന്വേഷിച്ച പട്ടാളക്കാരോട് കർഷകരുടെ മറുപടി ഞാറ് നട്ടുകൊണ്ടിരുന്നപ്പോൾ തിരുകുടുംബം അതുവഴി കടന്നുപോയി എന്നായിരുന്നു. ഇങ്ങനെ കതിരുകൾ തിരുകുടുംബത്തെ സംരക്ഷിക്കുന്നു.
2. തിരുകുടുംബം നൈൽ ഡൽറ്റയിലേക്ക് ഇടുങ്ങിയ ഇസ്തുമസ് വഴി പ്രവേശിച്ച് ഇന്നത്തെ ഇസ്മാലിയ എന്ന സ്ഥലത്തെത്തി ഫലസമൃദ്ധമായ ഒരു ഈന്തപ്പനത്തണലിൽ വിശ്രമിച്ചു. ഈന്തപ്പഴം ആഗ്രഹിച്ച മാതാവിന് ദിവ്യശിശു അത്ഭുത വചനത്താൽ വേണ്ടുവോളം ഈന്തപ്പഴം നൽകി.
3. നൈൽ നദീതീരത്തിന് പുറത്തുകടന്ന തിരുകുടുംബം പട്ടാളക്കാരുടെ മുമ്പിൽ അകപ്പെടുമെന്നായപ്പോൾ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ഏകദേശം രണ്ട് മീറ്ററോളം ഉയരത്തിൽ വളർന്ന് നിൽക്കുന്ന വയൽച്ചെടിയുടെ ഉള്ളിൽ ഒളിക്കാൻ നിർദ്ദേശിച്ചു. കതിർനിരകൾക്കുള്ളിൽ സുരക്ഷിതരായിരുന്ന തിരുകുടുംബം പട്ടാളക്കാരിൽനിന്ന് രക്ഷപ്രാപിച്ചു.
4. തിരുകുടുംബം വടക്കോട്ട് യാത്ര തുടർന്ന് ഇന്നത്തെ സമാനൗഡ് എന്ന സ്ഥലത്തെത്തി. ഒരു സൈക്കമോർ മരത്തിന്റെ തണലിൽ വിശ്രമിച്ചു. ആ മരത്തിന്റെ സ്ഥാനത്ത് നാലാംനൂറ്റാണ്ടിൽ ദൈവമാതാവിന്റെ നാമത്തിൽ ഒരു പള്ളി നിർമ്മിച്ചു.
5. പടയാളികൾ ഗ്രാമഗ്രാമാന്തരം തിരഞ്ഞ് തിരഞ്ഞ് മറ്റോറിയ ഗ്രാമത്തിലെത്തി. ഉടനെ ദൈവത്തിന്റെ മാലാഖ മാതാവിനെയും കുഞ്ഞിനെയും ഉയർത്തി ഇലകൾക്കിടയിൽ ഒളിപ്പിച്ചുവെന്നും അതല്ല, ഒരു വൃക്ഷപ്പോടുണ്ടായി മാതാവും കുഞ്ഞും ആ വിടവിൽ കയറി ഒളിച്ചു. ആ സമയം ഒരു ചിലന്തി ആ വിടവിൽ വലകെട്ടി മറച്ചതിനാൽ അകത്ത് ആൾ കാണുകയില്ലെന്ന് വിശ്വസിച്ച് പടയാളികൾ പിൻതിരിഞ്ഞ് പോയി; എന്നു പറയപ്പെടുന്നു. ഇന്നും ആ തണൽമരം Virgin Tree എന്ന പേരിൽ നിലനിൽക്കുന്നു എന്നത് യാഥാർത്ഥ്യം തന്നെ.

മുന്തിരിക്കുല അടർത്തിയെടുത്ത മുന്തിരിത്തണ്ടായും സസ്യം മുളപൊട്ടിയ വരണ്ട ഭൂമിയായും ജീവവൃക്ഷം പ്രദാനംചെയ്ത ഏദൻതോട്ടമായും മാതാവിനെ പ്രകൃതിയോട് ചേർത്ത് ഉപമിക്കുന്നുണ്ട്. ദൈവമാതാവിനും കുഞ്ഞിനും മരങ്ങൾ (പ്രകൃതി) തണലാകുന്നത് പുരാതന ഗ്രന്ഥങ്ങളിലൂടെ ചെറിയ ഉപമാനങ്ങളാൽ ദൃഷ്ടാന്തീകരിക്കുമ്പോൾ, അതിന്റെ മാഹാത്മ്യം കെട്ടുകഥയായി മാത്രം സ്വീകരിക്കുന്നത് യുക്തമല്ല. അതിലുപരി ഇത്തരത്തിലുള്ള ഉപമാനശ്രേണികൾ ശ്രദ്ധയാകർഷിക്കുന്നത് ദൈവ-പ്രകൃതി ബന്ധങ്ങളുടെ സജീവതയിലേക്കാണ്. ●

ഇന്ത്യയിൽ ആദ്യമായി ഇന്റർനെറ്റ് കണക്ഷൻ കിട്ടിയ വ്യക്തി?
ഷമ്മി കപൂർ

വിദ്യാഭ്യാസം

# മാറി ചിന്തിക്കാം



**അനുവർഗ്ഗീസ്**
(Asst.Professer. BMC Engineering College, Sasthamcottah)

ഒരു എൻജിനീയറിംഗ് അദ്ധ്യാപിക എന്ന നിലയിൽ ഞാൻ എന്റെ വിദ്യാർത്ഥികളെ നിരീക്ഷിക്കുമ്പോൾ ഇന്നത്തെ വിദ്യാർത്ഥികൾ ചിന്തിക്കാൻ ശ്രമിക്കുന്നില്ല. പുസ്തകങ്ങളിലൂടെ പഠിച്ച് എഴുതി പുറത്തിറങ്ങുന്നവരായി മാത്രം ഇന്നത്തെ സാങ്കേതിക വിദ്യാർത്ഥികൾ മാറുന്നു.

ഏതാനും നാളുകളായി വിദ്യാർത്ഥികളുടെ ഉത്തരകടലാസ്സുകൾ നോക്കുമ്പോഴും അവർ പരീക്ഷാഹാളിൽ ചോദ്യപേപ്പർ ലഭിക്കുമ്പോഴുമുള്ള പ്രതികരണങ്ങൾ കാണുമ്പോൾ ഇവർ പഠിക്കുന്നത് താണ ക്ലാസ്സുകളിലാണോ എന്ന് തോന്നിപ്പോകും. പാഠപുസ്തകത്തിനു പുറത്തുള്ള ചിന്തിക്കാനോ കാണുവാനോ ശ്രമിക്കാതെ നിർവൃതിയടയുന്നവരാണ് ഭൂരിപക്ഷവും. പുസ്തകത്തിൽ പറഞ്ഞത് ഓർമ്മിച്ചെടുക്കുക, അത്രമാത്രം മതി എന്നുള്ള ധാരണ. അതായത് മൂല്യവത്തായത് ഒന്നു മാത്രം; ഓർമ്മശക്തി.

കാലഹരണപ്പെട്ട കുത്സിതമായ പരീക്ഷകൾക്കു ചുറ്റും കറങ്ങുന്ന നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം വിദ്യാർത്ഥികളേയും അദ്ധ്യാപകരെയും ചിന്താശേഷി വിട്ടുകളഞ്ഞ് പാഠപുസ്തകം കാണാതെ പഠിക്കുന്നത് പ്രേരിപ്പിക്കുന്നു. അതിനർത്ഥം അദ്ധ്യാപകർ പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കാനും കുട്ടികളെ പരീക്ഷയ്ക്ക് തയ്യാറാക്കാനും നന്നായി സ്കോർ ചെയ്യാൻ അവരെ സന്നദ്ധരാക്കാനും പാടുപെടുന്നു. ഉത്കണ്ഠാകുലരായ കുട്ടികളെ വിവരങ്ങൾ ഓർമ്മിപ്പിക്കുവാനും പരീക്ഷാ കടലാസ്സിൽ ഛർദ്ദിച്ചുവയ്ക്കാനും മണിക്കൂറുകൾ ചെലവിടുന്നു. പാഠഭാഗത്തിൽനിന്നു പഠിപ്പിക്കുന്നു; പിന്നെ എന്തെങ്കിലും സംശയമുണ്ടോ എന്നു ചോദിക്കുന്നു. എല്ലാ ക്ലാസ്സുകളിലും ഈ നാടകം തുടരുന്നു. പുറത്തുനിന്ന് ചിന്തിക്കുവാനും സ്വന്തം തലച്ചോറ് ഉപയോഗിക്കാനും ശ്രമിക്കാതെ ഓർമ്മശക്തിമാത്രം പരിഗണിക്കപ്പെടുന്നു.

ചോദ്യങ്ങൾ ചോദിക്കാനും ഉത്തരം കണ്ടുപിടിക്കുവാനും ശ്രമിക്കുമ്പോഴാണു പുതിയവ രൂപപ്പെടുന്നത്. ചോദ്യത്തിൽനിന്നാണ് ഇന്നുള്ള അറിവുണ്ടാകുന്നതെന്ന് എഴുത്തുകാരനും വിദ്യാഭ്യാസ നിരീക്ഷകനുമായ നീൽ പോസ്റ്റുമാൻ അഭിപ്രായപ്പെടുന്നു. അതായത് ഏറ്റവും പ്രസ്ക്തമായ ചോദ്യം ചോദിക്കുവാനും അതിനു ഉത്തരം കണ്ടെത്താനുമുള്ള കഴിവാണ് ഒരു വിദ്യാർത്ഥി ആർജ്ജിക്കേണ്ടത്.

പല പ്രശ്നത്തിന്റെയും മൂലകാരണം തന്നെ ശരിയായ ചോദ്യം ഉയരാത്തതാണ്. സിനിമയിൽ പണ്ട് മെഗാസ്റ്റാർ പറഞ്ഞതുപോലെ പാഠപുസ്തകങ്ങളിൽ പഠിച്ചത് മാത്രമല്ല യാഥാർത്ഥ്യം. പുരോഗമനവും ജീവൻ നൽകുന്നതുമായ സംവാദങ്ങൾ ക്ലാസ്സുമുറികളിൽ രൂപപ്പെടേണ്ടി യിരിക്കുന്നു. അതിനു കുട്ടികളെ പഠിപ്പിക്കേണ്ട സമയമായിരിക്കുന്നു. ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന തുറന്ന ചോദ്യങ്ങൾ അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കാം; ചിന്തിക്കുവാൻ വിദ്യാർത്ഥികളെ സജ്ജരാക്കാം. അങ്ങനെ ജീവനുള്ള ചിന്തകളെ പ്രദാനം ചെയ്യുന്ന വിദ്യാർത്ഥികളെ, തലമുറയെ ലോകത്തിന് നൽകാം. ●

> **പുരോഗമനവും ജീവൻ നൽകുന്നതുമായ സംവാദങ്ങൾ ക്ലാസ്സുമുറികളിൽ രൂപപ്പെടേണ്ടിയിരിക്കുന്നു. അതിനു കുട്ടികളെ പഠിപ്പിക്കേണ്ട സമയമായിരിക്കുന്നു.**



ഹൈദരാബാദ് സ്ഥാപിച്ചത്?
ഖുലി ഖുതുബ് ഷാ

**സുറിയാനി പദപരിചയം**



# ബോവൂസോ

**ഫാ. മാത്യു വർഗ്ഗീസ്, റോം**

നമ്മുടെ ആരാധനാക്രമങ്ങളിൽ പ്രധാനമായും അവസാനഭാഗത്തുള്ള ഗീതങ്ങളെയാണ് ബോവൂസോകൾ എന്നറിയപ്പെടുന്നത്. 'ബ്‌വോ' എന്ന ക്രിയാധാതുവിൽനിന്ന് രൂപപ്പെടുന്ന 'ബോവൂസോ' എന്ന വാക്കിന് അപേക്ഷ (request) യാചന (petition), പ്രാർത്ഥന (rogation), മദ്ധ്യസ്ഥത (intercession) എന്നൊക്കെയാണർത്ഥം. എന്നാൽ 'ബ്‌വോ' എന്ന ക്രിയാധാതുവിന് 'അന്വേഷിക്കുക' (to seek), 'അദ്ധ്വാനിക്കുക', 'പരിശ്രമിക്കുക' (endeavour) എന്നൊക്കെ അർത്ഥം നൽകുന്നുണ്ട്. പ്രാർത്ഥനകൾ ദൈവമുഖ ദർശനത്തിനുള്ള അന്വേഷണവും അദ്ധ്വാനവുമാണെന്ന് ഈ വാക്ക് ഓർമ്മിക്കുന്നു.

നമ്മുടെ ആരാധനാക്രമങ്ങളിൽ പ്രധാനമായും മൂന്ന് സുറിയാനി പിതാക്കന്മാരുടെ ബോവൂസോകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (1) മാർ അപ്രേം (306-373), (2) മാർ യാക്കോബ് (Jacob of serugh) (451-521), (3) മാർ ബാലായി (നാലാം നൂറ്റാണ്ട്). മാർ അപ്രേമിന്റെ ബോവൂസോകൾ പ്രധാനമായും ഏഴ് അക്ഷരമാത്രയിലും (septa syllabic) മാർ യാക്കോബിന്റേത് 12 അക്ഷരമാത്രയിലും (Dodecca syllabic) മാർ ബാലയിയുടേത് അഞ്ച് അക്ഷരമാത്രയിലും (Penta Syllabic) ആണ് കവനം ചെയ്തിട്ടുള്ളത്. ആഴമായ ദൈവീക ധ്യാനത്തിന്റെ പ്രതിഫലനങ്ങൾ ഇവരുടെ ഗീതങ്ങളിൽ കാണുവാൻ കഴിയും. ഇവരെ കൂടാതെ മറ്റനേകം പിതാക്കന്മാരും ബോവൂസോകൾ രചിച്ചിട്ടുണ്ട്. നോമ്പുകളേയും 'ബോവൂസോ' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കാറുണ്ട്.

'ബോവൂസോദ് നിനവോയേ' എന്നാണ് സുറിയാനിയിൽ മൂന്നുനോമ്പിനെ വിളിക്കാറുള്ളത്. മുൻകാലങ്ങളിൽ മലങ്കരയിൽ ബോവൂസോ നോമ്പ് എന്നുള്ള ഒരു നോമ്പാചരണം ഉണ്ടായിരുന്നു. ദനഹാപെരുന്നാളിന് ശേഷമുള്ള തിങ്കളാഴ്ച ഇതാരംഭിച്ചിരുന്നു. ഇതിനെക്കുറിച്ച് പഴയ പാമ്പാക്കുട നമസ്കാര പുസ്തകത്തിൽ ഇതിനെപ്പറ്റി സൂചനയുണ്ട്. ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇത് തുടങ്ങി എന്നും തെഗ്രീസിന്റെ മഫ്രിയാനയുടെ അധികാരത്തിന്റെ കീഴിലുള്ള സ്ഥലങ്ങളിൽ ഇത് ആചരിച്ചിരുന്നുവെന്നും, കന്യകമാരാണ് ഇത് ആചരിച്ചിരുന്നതെന്നും അതിൽ പറയുന്നു.

**നിയമവീഥി**




ജൂലൈ ഒന്നുമുതൽ ഇന്ത്യൻ റെയിൽവേയിൽ പരിഷ്ക്കരിച്ച നിയമങ്ങൾ നടപ്പാക്കുന്നു. ഇതിലൂടെ ലക്ഷക്കണക്കിന് യാത്രക്കാർക്ക് നിരവധി ഗുണങ്ങളാണ് ലഭിക്കുക. ജൂലൈ 1 മുതൽ തത്ക്കാൽ ടിക്കറ്റ് ക്യാൻസൽ ചെയ്യുന്നവർക്ക് ടിക്കറ്റ് തുകയുടെ 50 ശതമാനം തിരികെ ലഭിക്കുന്നതാണ്. തത്ക്കാൽ ടിക്കറ്റ് ബുക്ക് ചെയ്യുന്ന സമയത്തിനും മാറ്റം വരുത്തിയിട്ടുണ്ട്. എ.സി കോച്ചുകൾക്ക് രാവിലെ 10 മുതൽ 11 മണിവരെയും സ്ലീപ്പർ കോച്ചുകൾക്ക് രാവിലെ 11 മുതൽ 12 മണിവരെയുമാണ് തത്കാൽ ടിക്കറ്റ് ബുക്ക് ചെയ്യാനുള്ള പുതിയ സമയം

സുവിധ ട്രെയിനുകളിലെ ടിക്കറ്റ് ക്യാൻസൽ ചെയ്താൽ ടിക്കറ്റിന്റെ പകുതി തുക യാത്രക്കാർക്ക് തിരികെ ലഭിക്കുന്നതാണ്. മാത്രവുമല്ല സുവിധ ട്രെയിനുകളിൽ വെയിറ്റിങ് ലിസ്റ്റ് ഉണ്ടാ കില്ല. സ്ഥിതീകരിച്ച ടിക്കറ്റുകളും ആർ.സി.ടിക്കറ്റുകളും മാത്രമേ ഇനി ലഭിക്കുകയുള്ളൂ.

രാജധാനി, ശതാബ്ദി ട്രെയിനുകൾ പേപ്പർ രഹിത ടിക്കറ്റ് സംവിധാനത്തിൽ ആയിരിക്കും ഇനി പ്രവർത്തിക്കുക. കോച്ചുകളുടെ എണ്ണവും വർദ്ധിപ്പിക്കുകയും ഇ ടിക്കറ്റ് ഉപയോഗിച്ച് ഈ ട്രെയിനുകളിൽ യാത്ര ചെയ്യുകയും ചെയ്യാം. കൂടാതെ ചിലവേറിയ പ്രീമിയം ട്രെയിനുകൾ ജൂലൈ ഒന്ന് മുതൽ നിർത്തലാക്കുകയും ഓൺലൈൻ ബുക്കിംഗ് വിവിധ ഭാഷകളിൽ ലഭ്യമാക്കുകയും ചെയ്യും.

ഇന്ത്യയ്ക്ക് ഫെഡറൽ സംവിധാനം വിഭാവനം ചെയ്ത ആദ്യനിയമം?
1935 ലെ ഗവ.ഓഫ് ഇന്ത്യ ആക്ട്



# കുട്ടികളുടെ ആരോഗ്യസംരക്ഷണം പ്രതിരോധത്തിലൂടെ



ഡോ. നിതിൻ കുര്യാക്കോസ്
(P.G. Resident Dept.of Orthodontics and Facial Orthopedics MMDC Belgaum)

ആരോഗ്യം

കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് രക്ഷിതാക്കൾ വളരെയധികം ബോധവാന്മാരാക്കേണ്ടതുണ്ട്. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. പ്രതിരോധശേഷി ജന്മനാ ലഭിക്കുന്നവയും ആർജിക്കപ്പെടുന്നവയും എന്നിങ്ങനെ രണ്ടു രീതിയിലാണ്.

ജനനം മുതൽ കുഞ്ഞിന്റെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കൾ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കുഞ്ഞിന്റെ ആരോഗ്യസംരക്ഷണത്തിൽ മുലപ്പാൽ വഹിക്കുന്ന പങ്ക് വളരെ നിർണ്ണായകമാണ്. നവജാത ശിശുവിന് ലഭിക്കുന്ന പ്രഥമ രോഗപ്രതിരോധ മരുന്നാണ് അമ്മയുടെ ആദ്യത്തെ മഞ്ഞപ്പാൽ (colostrum)

മുലപ്പാൽ കുടിക്കുന്ന കുട്ടിയെ അപേക്ഷിച്ചു മൃഗങ്ങളുടെ പാൽ ഉപയോഗിക്കുന്ന കുട്ടിയ്ക്ക് ശ്വാസകോശ രോഗങ്ങൾ (അലർജി, ചുമ, ആസ്മ, മറ്റു ശ്വാസകോശ രോഗങ്ങൾ) വരാൻ 14 ഇരട്ടി സാധ്യത ഉണ്ടെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നു. കുട്ടികളിൽ തലച്ചോറിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുന്ന ലിനോളിക് ആസിഡ് മുലപ്പാലിൽ ധാരാളമുണ്ട്. ആയതിനാൽ മുലപ്പാൽ കുടിച്ച കുട്ടിയ്ക്ക് മറ്റുപാൽ ഉപയോഗിച്ച കുട്ടികളേക്കാൾ ബുദ്ധിവളർച്ച കൂടുതലുന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ആദ്യത്തെ 6 മാസം കുട്ടിയ്ക്ക് മുലപ്പാൽ മാത്രം നൽകിയാൽ മതി. 6 മാസത്തിനുശേഷം ചെറിയ തോതിൽ പഴച്ചാറുകൾ, നല്ലവണ്ണം വേവിച്ച ചോറ്, കുറുക്ക് എന്നിവ കൊടുത്തു തുടങ്ങാം. ഒരു വർഷത്തിനുശേഷം നാം കഴിക്കുന്ന ആഹാരങ്ങൾ മിക്കവാറുംതന്നെ കുഞ്ഞിന് കൊടുത്തു തുടങ്ങാം. മത്സ്യം, ഇറച്ചി എന്നിവയൊക്കെ അൽപ്പമായി നൽകാം. പാക്കറ്റ് ഭക്ഷണങ്ങളും ടിൻ ഫുഡുകളും പാടേ മാറ്റി നിർത്തി, ഈ രീതിയിൽ ഭക്ഷണം ക്രമീകരിക്കുന്ന കുട്ടികൾക്ക് പ്രകൃതിദത്തമായ രോഗപ്രതിരോധശേഷി കൂടുതലായി ആർജ്ജിച്ചെടുക്കാൻ കഴിയും.

കൂടാതെ, ജനനം മുതൽ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മുൻകരുതൽ ചികിത്സ അവലം



മഹാത്മജിയുടെ ശേഷിയുള്ള കരങ്ങൾ എന്നറിയപ്പെട്ടത്?
അലി സഹോദരന്മാർ

കുട്ടികളിൽ രോഗങ്ങൾ വരുമ്പോൾ മാത്രം ചികിത്സയ്ക്ക് മുതിരുന്ന രക്ഷിതാക്കൾ ആ അപകടകരമായ അവസ്ഥയെക്കുറിച്ചു തിരിച്ചറിയേതുണ്ട്. മഞ്ഞപ്പിത്ത രോഗികളിൽ ഒരു വിഭാഗം ഫൾമിനന്റ് ഹെപ്പറ്റൈറ്റിസ് (Fulminant Hepatitis) എന്നറിയപ്പെടുന്ന മഞ്ഞപ്പിത്തത്തിന്റെ ഏറ്റവും ഭീകര രൂപത്തിന്റെ ആക്രമണം മൂലം മരണപ്പെടുന്നു.

ബിക്കുന്നതിലൂടെ പല മാരക രോഗങ്ങളിൽനിന്നും മുക്തിനേടാൻ കഴിയും. പ്രധാനമായും വാക്സിനുകൾ രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന ഏറ്റവും മികച്ച ആയുധമാണെന്നു പറയാം. വാക്സിനുകളെ തള്ളിപ്പറയുന്നവർ മാരകമായ രോഗങ്ങളിൽ നിന്നും ലോകം മുക്തിനേടിയതിനെക്കുറിച്ചു ഗൗരവപൂർവ്വം മനസ്സിലാക്കാത്തവരാണ്.

വാക്സിനുകളുടെ ഫലപ്രാപ്തി തെളിയിക്കുന്ന ഏറ്റവും മികച്ച ഉദാഹരണം വസൂരി രോഗനിർമ്മാർജ്ജനമാണ്. ഒരു കാലത്തു ലോകത്തിന്റെ പേടി സ്വപ്നമായിരുന്ന വസൂരി ഇന്നൊരു പൂർവ്വകാല സ്മരണ മാത്രമായി തീർന്നത് വസൂരിക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പിന്റെ (small pox vaccination) ഫലപ്രദമായ ഉപയോഗത്തിലൂടെയാണ്. 1977 നു ശേഷം ഒരു വസൂരി രോഗിയേപ്പോലും കണ്ടുപിടിക്കപ്പെട്ടില്ല എന്ന വസ്തുത രോഗപ്രതിരോധ ശാസ്ത്രത്തിന്റെ വമ്പിച്ച നേട്ടമായി ഉത്ഘോഷിക്കപ്പെടുന്നു.

കുട്ടികളിൽ രോഗങ്ങൾ വരുമ്പോൾ മാത്രം ചികിത്സയ്ക്ക് മുതിരുന്ന രക്ഷിതാക്കൾ ആ അപകടകരമായ അവസ്ഥയെക്കുറിച്ചു തിരിച്ചറിയേത്തുണ്ട്. മഞ്ഞപ്പിത്ത രോഗികളിൽ ഒരു വിഭാഗം ഫൾമിനന്റ് ഹെപ്പറ്റൈറ്റിസ് (Fulminant Hepatitis) എന്നറിയപ്പെടുന്ന മഞ്ഞപ്പിത്തത്തിന്റെ ഏറ്റവും ഭീകര രൂപത്തിന്റെ ആക്രമണം മൂലം മരണപ്പെടുന്നു. AIDS വൈറസിനേക്കാൾ 2500 ഇരട്ടി ആക്രമണ സ്വഭാവം പ്രകടിപ്പിക്കുന്ന ഹെപ്പറ്റൈറ്റിസ് ബി വൈറസിനെ സംബന്ധിച്ച ഏക ആശ്വാസം ഈ രോഗത്തെ പ്രതിരോധിക്കുന്നതിൽ ഫലപ്രദമായ 2 വാക്സിനുകൾ (Plasma vaccine, Recombinant DNA vaccine) ഇന്ന് ലഭ്യമാണ് എന്നുള്ളതാണ്.

അതുപോലെ കുട്ടികളിലെ ദന്തസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് മാതാപിതാക്കൾ ബോധവാന്മാരല്ല. വളരെ ലളിതമായ പ്രതിരോധ ചികിത്സയിലൂടെ ദന്തക്ഷയത്തിൽ നിന്ന് ഒരു പരിധിവരെ മുക്തിനേടാനും ഭാവിയിലെ ദന്ത വൈകല്യങ്ങൾ തടയാനും സാധിക്കും. കുട്ടികളിൽ പല്ലുമുളച്ചു തുടങ്ങുമ്പോൾ തന്നെ മുൻകരുതൽ ചികിത്സ തുടങ്ങിയാൽ ഏതാണ്ട് 95% ദന്തരോഗങ്ങളിൽനിന്നും മുക്തിനേടാൻ കഴിയും.

ജനിച്ചുവീഴുന്ന കുഞ്ഞിന്റെ വായ തീർത്തും അണുവിമുക്തമാണ്. പക്ഷേ മണിക്കൂറുകൾക്കുള്ളിൽ തന്നെ നൂറുകണക്കിന് ബാക്ടീരിയകളുടെ സാന്നിദ്ധ്യം ഉണ്ടാകുന്നു. ഇത് സാധാരണഗതിയിൽ മാരകമല്ല. എന്നാൽ കഠിനമായ മോണരോഗവും പഴുപ്പും ഉള്ള മാതാവിന്റെ നിരന്തര സമ്പർക്കം കുഞ്ഞിന് മാരകമായ അണുബാധയ്ക്കു കാരണമാകുന്നു. ഇത് പലപ്പോഴും ശ്രദ്ധിക്കാതെ പോകുന്ന ഒന്നാണ്. അതുകൊണ്ട് ഗർഭകാലത്തുതന്നെ കൃത്യമായ ദന്തപരിചരണം ആവശ്യമാണ്.

ചെറിയ കുട്ടികളിലെ താഴെ നിരയിലെ മുൻനിര പല്ലുകൾ ഒഴിച്ച് മറ്റു എല്ലാ പല്ലുകൾക്കും കേടുവരികയും സാധാരണയായി പുഴുപ്പല്ലുകളുമായി കാണപ്പെടുകയും ചെയ്യുന്നു. ഇതിനെ നഴ്സിംഗ് ബോട്ടിൽ കേരിസ് എന്നുപറയുന്നു. ഇതുമൂലം പല്ലുകൾ കൊഴിഞ്ഞു പോകുകയും കുറ്റിയായി തീരുകയും ചെയ്യുന്നു. ഇത് കാത്സ്യത്തിന്റെ കുറവാണെന്നു തെറ്റിദ്ധരിക്കുന്നവർ ധാരാളമാണ്. പക്ഷെ പ്രധാനമായും ഇതിന്റെ കാരണം രാത്രികാലങ്ങളിൽ കുട്ടികളെ മുലയൂട്ടുന്നതുമൂലം പാലിന്റെ അംശം വായിൽതന്നെ തങ്ങിനിൽക്കുന്നതുകൊണ്ടാണ്. മുലയൂട്ടുന്നതിനുശേഷം വൃത്തിയുള്ള നനഞ്ഞ തുണികൊണ്ടു പല്ലുകളെ തുടച്ചു വൃത്തിയാക്കുന്നതിലൂടെ ഇത് വരുന്നത് തടയാൻ കഴിയും. സ്ഥിര ദന്തങ്ങളെപ്പോലെ പ്രധാനമാണ് പാൽപ്പല്ലുകളും. അതുകൊണ്ടു കുട്ടികളിൽ ദന്തക്ഷയം തടയാനുള്ള മുൻകരുതലെടുക്കേണ്ടത് രക്ഷിതാക്കളുടെ കടമയാണ്.

കുട്ടികളിൽ ദന്തക്ഷയം തടയാനുള്ള പ്രധാനപ്പെട്ട മുൻകരുതൽ ചികിത്സയായ ഫ്ളൂറൈഡ് ചികിത്സയും ഇപ്പോൾ ലഭ്യമാണ്. 4 വയസ്സു

മുതൽ 12 വയസ്സ് വരെ. വർഷത്തിൽ 2 തവണ ഈ ചികിത്സ അവലംബിക്കുന്നതിലൂടെ പാൽപ്പല്ലുകളും സ്ഥിരദന്തങ്ങളും ദന്തക്ഷയരഹിതമായി ബലവും ഉറപ്പും ഉള്ളതായി തീരാൻ സഹായിക്കുന്നു.

കുട്ടികളിൽ സംസാരത്തിൽ വ്യക്തതയില്ലായ്മ 'റ' 'സ' എന്നീ അക്ഷരങ്ങൾ മൊഴിയാൻ ബുദ്ധിമുട്ട്, സംസാരിക്കാൻ പ്രയാസം എന്നിവയുണ്ടെങ്കിൽ രക്ഷിതാക്കൾ നേരത്തെ മനസ്സിലാക്കേണ്ടതാണ്. പ്രധാനമായും ഇത് നാക്കിന്റെ ടങ്...ടങ് എന്ന അവസ്ഥമൂലമാണ് സംഭവിക്കുന്നത്. ചെറിയ സർജറിയിലൂടെ ഇത് മാറ്റിയെടുക്കാവുന്നതാണ്.

കുട്ടികളിൽ നാക്ക് തള്ളുക, വിരൽ കുടിക്കുക, വായ തുറന്നു ഉറങ്ങുക എന്നിവകൊണ്ട് ഭാവിയിൽ ഉണ്ടാകുന്ന ദന്തവൈകല്യങ്ങൾ (ക്രമം തെറ്റിയതും ഉന്തിയതും വിടവുള്ളതുമായ പല്ലുകൾ) നേരത്തെ മനസ്സിലാക്കി രാത്രി ഉപയോഗിക്കാവുന്ന ചെറിയ അപ്ളയൻസുകൾ കൊണ്ട് നിയന്ത്രിക്കാവുന്നതാണ്.

കുട്ടികളിൽ പേസ്റ്റ് ഉപയോഗം 2 വയസ്സിനു ശേഷമാണ് നല്ലത്. മുതിർന്നവർ ഉപയോഗിക്കുന്ന പേസ്റ്റ് കുട്ടികൾക്കു നല്ലതല്ല. കുട്ടികൾക്ക് ഫ്‌ളൂറൈഡ് കണ്ടെന്റ് അടങ്ങിയ കാഠിന്യം കുറഞ്ഞ പേസ്റ്റുകൾ ഉപയോഗിച്ച് 2 നേരം ബ്രഷ് ചെയ്യുന്നതിലൂടെ ദന്തക്ഷയം പരമാവധി കുറയ്ക്കാൻ കഴിയും.

കുട്ടികളുടെ പല്ലുകളിൽ കഠിനമായ പഴുപ്പും വേദനയും വരുമ്പോഴാണ് രക്ഷിതാക്കൾ ദന്തഡോക്ടറെ സമീപിക്കുന്നത്. ഈ പ്രവണത തീർത്തും മാറേണ്ടിയിരിക്കുന്നു. കാരണം വളരെ ചെറിയപ്രായത്തിൽ തന്നെ തുടരെ തുടരെയുള്ള ആന്റിബയോട്ടിക് മരുന്നുകളുടെ ഉപയോഗം കുട്ടികളുടെ ആരോഗ്യത്തെ കാര്യമായി ബാധിക്കുകയും രോഗപ്രതിരോധ ശേഷി ഗണ്യമായി കുറക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ രോഗം ഉണ്ടായതിനു ശേഷം മാത്രം ചികിത്സിക്കുന്ന കാഴ്ചപ്പാട് തീർച്ചയായും മാറേണ്ടതുണ്ട്.

രണ്ടുനേരം ബ്രഷ് ചെയ്യുന്ന ശീലം കുട്ടികളിൽ തുടങ്ങിക്കൊടുക്കേണ്ടത് മാതാപിതാക്കളാണ്. കാര്യമായ ദന്തപരിചരണത്തിലൂടെയും മുൻകരുതൽ ചികിത്സയിലൂടെയും ഭാവിയിൽ ഉണ്ടാകാവുന്ന ദന്തരോഗങ്ങളും മരുന്ന് ഉപയോഗവും തടയാൻ സാധിക്കുന്നതാണ്.

കൃത്യമായ പോഷകാഹാര ക്രമത്തിലൂടെയും സമയാസമയങ്ങളിലുള്ള വാക്സിനേഷനിലൂടെയും കുട്ടികളിൽ രോഗപ്രതിരോധശേഷി ആർജ്ജിച്ചെടുക്കുന്നതിൽ രക്ഷിതാക്കൾ ഗൗരവമായി ശ്രദ്ധിക്കേണ്ടതുണ്ട്. അതുമൂലം മനുഷ്യന് വെല്ലുവിളി ആയിരിക്കുന്ന പല മാരകമായ രോഗങ്ങളിൽനിന്നും മുക്തി നേടുന്നതിലൂടെ ഭാവിയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങൾക്ക് മരണം വരെ ഐശ്വര്യവും ആരോഗ്യകരവുമായ ഒരു ജീവിതം നമുക്ക് നേടിക്കൊടുക്കാം.

| നം | പ്രായം | നൽകേണ്ട പ്രതിരോധമരുന്നുകൾ |
|---|---|---|
| 1 | ജനിച്ചയുടൻ | ബി.സി.ജി, ഓറൽ പോളിയോ–സീറോ ഡോസ്, ഹെപ്പറ്റൈറ്റിസ് ബി |
| 2 | 6–ാം ആഴ്ച | DPT (ട്രിപ്പിൾ), ഓറൽ പോളിയോ–ആദ്യ ഡോസ് /IPV 1, ഹെപ്പറ്റൈറ്റിസ് ബി,PCV-1 (ന്യൂമോണിയ), Hib -1, റോട്ടോവൈറസ്സ് – 1 |
| 3 | 10–ാം ആഴ്ച | DPT, ഓറൽ പോളിയോ – രണ്ടാം ഡോസ് / IPV-2, ഹെപ്പറ്റൈറ്റിസ് ബി, PCV 2 (ന്യൂമോണിയ), Hib -2 റോട്ടോവൈറസ്സ്–2 |
| 4 | 14 ാം ആഴ്ച | DPT,ഓറൽ പോളിയോ–മൂന്നാം ഡോസ് / IPV - 3 ഹെപ്പറ്റൈറ്റിസ് ബി, PCV 3 (ന്യൂമോണിയ), Hib - 3 റോട്ടോവൈറസ്സ് 3 |
| 5 | 10–ാം മാസം | മീസിൽസ് വാക്സിൻ |
| 6 | 15–ാം മാസം | PCV ബൂസ്റ്റർ, MMR 1 |
| 7 | 18–ാം മാസം | Hib ബൂസ്റ്റർ, DPT ബൂസ്റ്റർ, ഓറൽ പോളിയോ ബൂസ്റ്റർ / IPV B1 |
| 8 | 4 1/2–5 വയസ്സ് | DPT ബൂസ്റ്റർ ഡോസ്–2 MMR 2 |
| 9 | 10–ാം വയസ്സ് | ടെറ്റനസ് ടോക്സോയിഡ് |
| 10 | 16–ാം വയസ്സ് | ടെറ്റനസ് ടോക്സോയിഡ് |



ഭൗമോപരിതലത്തിലെ ഏറ്റവും ഉയർന്ന ഭാഗവും
താഴ്ന്ന ഭാഗവും സ്ഥിതി ചെയ്യുന്ന വൻകര?
ഏഷ്യ



# ട്രെൻഡ്സ്



**ഫാ.ജോൺ റ്റി. ശാമുവേൽ**
(പബ്ലിഷർ)

യുവജനത്തിന്റെ മറ്റൊരു പതിപ്പുകൂടി പുറത്തിറക്കുവാൻ ചൊരിഞ്ഞ ദൈവ കൃപയ്ക്കായി നന്ദി.

കുറച്ചുനാളുകൾകൊണ്ടു ലോകത്തെ നോക്കുമ്പോൾ വേദനിപ്പിക്കുന്ന മാറ്റങ്ങളാണ്. കാണുന്നത്. ട്രെൻഡുകൾ എന്നു നാം ഓമനപ്പേരിട്ടു വിളിക്കുന്ന പ്രതിഭാസത്തിൽ മൂല്യശോഷണം സംഭവിച്ച് ജീവൻ നഷ്ടപ്പെടുന്ന അനേക വ്യവസ്ഥകളുണ്ട്. എന്തും എങ്ങനെയും ആകാം; അല്ലാത്തപക്ഷം ആർക്കും വേണ്ട എന്ന ചിന്താഗതി തലമുറയെ കാലഘട്ടത്തെ ഗ്രസിച്ചിരിക്കുന്നു. അതുമാത്രമല്ല, ആരെയും ഭയമില്ല. ഞങ്ങൾക്ക് ഇഷ്ടമുള്ളത് മാത്രം അംഗീകരിക്കാം. മറുപക്ഷമുള്ളത് സത്യമല്ല എന്ന് കണ്ണടച്ച് ഇരുട്ടാക്കുന്നവർ വളർന്നു വരുന്നത് ഭീകരത തന്നെയാണ്. അതാണ് ഭരണം മുതൽ പ്രണയം വരെ കാണുന്നത്. സഭയും അതിന്റെ ഇരയായി പോയി എന്നതും ദു:ഖസത്യമായി അവശേഷിക്കുന്നു.

പ്രണയത്തിന്റെ പേരിൽ കൊലപാതകവും കത്തിക്കലും ഭരണത്തിനുവേണ്ടി ചാക്കിട്ടുപിടിത്തവും പണം വാരിയെറിയലും നീതി നടപ്പിലാക്കാതെ സ്വന്തം താൽപ്പര്യത്തിനുവേണ്ടി കണ്ണടയ്ക്കുക, മാധ്യമങ്ങൾ വഴി അയഥാർത്ഥ കഥകൾ പ്രചരിപ്പിക്കുക തുടങ്ങിയവ ഇന്ന് ട്രെൻഡായി മാറുന്നു. എന്നാൽ യുവത ശ്രദ്ധിക്കേണ്ടത് നസ്രായൻ കാണിച്ചുതന്ന ട്രെൻഡുകളാണ്. അവൻ കാണിച്ചത് സഹാനുഭൂതിയുടെ, മുറിവേറ്റവരെ ചേർത്തുനിർത്തുന്ന സംസ്ക്കാരമാണ്.

ഏറ്റവും പുതിയ ട്രെൻഡ് പ്രായമാകുന്ന മുഖം കാണുക, പ്രചരിപ്പിക്കുക എന്നുള്ളതാണല്ലോ. സത്യത്തിൽ പ്രായമാകുമ്പോഴും പുഞ്ചിരിക്കാൻ ശ്രമിക്കുന്ന മുഖത്തെ ഇപ്പോൾ നോക്കി കാണുവാൻ സാധിക്കുന്നത് നല്ലതാണ്. അതായത് സമൂഹത്തെ നോക്കി പുഞ്ചിരിക്കുന്ന നസ്രായന്റെ പാതയിൽ സഞ്ചരിക്കുന്ന സമൂഹമായി മാറുവാൻ യുവതയ്ക്കു സാധിക്കട്ടെ. ●

# സഭയെ തകർക്കാൻ ആര് ശ്രമിച്ചാലും സ്വയം തകരും:
## പരിശുദ്ധ കാതോലിക്കാ ബാവാ



തൃശൂർ: മലങ്കര ഓർത്തഡോക്സ് സഭയെ തകർക്കാൻ വ്യക്തിയോ പ്രസ്ഥാനമോ സർക്കാരോ രാഷ്ട്രീയ പാർട്ടിയോ ആരുതന്നെ ശ്രമിച്ചാലും അവ സ്വയം തകരുന്ന കാഴ്ചയാണ് നാമിപ്പോൾ കുകൊണ്ടിരിക്കുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ വടക്കൻ മേഖലാ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു പരിശുദ്ധ പിതാവ്.

സഭയോട് പോരടിക്കുകയെന്നാൽ ദൈവത്തോട് പോരടിക്കുകയെന്നാണ്. സഭയ്ക്ക് നന്മചെയ്തത് പൂർവ്വികരായ ഹൈന്ദവ നാട്ടുരാജാക്കന്മാരാണ്. അല്ലാതെ വിദേശികളല്ല. സഭയെ കുറ്റപ്പെടുത്തുന്നവർ അവരുടെ കുറ്റം മറച്ചുവയ്ക്കുകയാണ്. നീതിന്യായ കോടതി നമുക്ക് അനുകൂലമായി പുറപ്പെടുവിച്ച വിധിയെ പലരും വെല്ലുവിളിക്കുകയാണ്. അതു നാശത്തിനാണെന്നും പരിശുദ്ധ കാതോലിക്കാ ബാവ പറഞ്ഞു. ധൈര്യമായി ദൈവത്തിൽ ആശ്രയിക്കുക. സഭ തകരില്ലെന്നും അദ്ദേഹം പറഞ്ഞു. യുവജനങ്ങളാണ് സഭയുടെ നട്ടെല്ലെന്നും ആർജവമുള്ള യുവജനങ്ങൾ സഭയിൽ വളർന്നുവരേത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിച്ചു.പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി അധ്യക്ഷത വഹിച്ച യോഗത്തിൽ വൈദിക സെമിനാരി പ്രിൻസിപ്പലും സഭയുടെ ഔദ്യോഗിക വക്താവുമായ റവ. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് സഭയും യുവജനങ്ങളും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയും സഭയുടെ അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ മുഖ്യ സന്ദേശം നൽകുകയും ചെയ്തു.യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര ജനറൽ സെക്രട്ടറി റവ. ഫാ. അജി കെ. തോമസ് സ്വാഗതവും കേന്ദ്ര വൈസ് പ്രസിഡന്റ് വർഗ്ഗീസ് ടി. വർഗ്ഗീസ് നന്ദിയും കേന്ദ്ര ട്രഷറർ ജോജി പി. തോമസ് 2017 ജൂലൈ 3 ലെ സുപ്രീം കോടതി ഉത്തരവിനെ തുടർന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ആരാധനാ സ്വാതന്ത്ര്യം പൂർണ്ണമായും വീണ്ടെടുക്കുവാൻ അഹോരാത്രം സഹനങ്ങൾ സഹിച്ച് നേതൃത്വം നൽകിയ ഇടവക വികാരിമാരുടെ ആമുഖ വിവരണവും കുന്നംകുളം, തൃശൂർ, കൊച്ചി ഭദ്രാസനങ്ങളിലെ കേന്ദ്ര റീജണൽ സെക്രട്ടറി എൽജോ‌വ് സി. ചുമ്മാർ ഭക്തിപ്രമേയവും അവതരിപ്പിച്ചു.

യോഗത്തിൽ 2017 ജൂലൈ 3 ലെ സുപ്രീം കോടതി ഉത്തരവിനെ തുടർന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ആരാധനാ സ്വാതന്ത്ര്യം പൂർണ്ണമായും വീണ്ടെടുക്കുവാൻ അഹോരാത്രം സഹനങ്ങൾ സഹിച്ച് നേതൃത്വം നൽകിയ ഇടവക വികാരിമാരെയും സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ പി.വി. ബെഹനാൻ, റോണി വർഗ്ഗീസ്, ജിജു വർഗ്ഗീസ്, സഭാംഗമായ ബ്ലസൻ ചാത്തമറ്റം എന്നിവരെയും ആദരിച്ചു.

കോതമംഗലം സാന്ത്വനം സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ കലാവിരുന്നും കുന്നംകുളം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വിവിധ കലാപരിപാടികളും സംഗമത്തിനോടനുബന്ധിച്ച് നടത്തപ്പെട്ടു. കൂടാതെ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ഇടവക ഗായക സംഘത്തിന്റെ സംഗീതവിരുന്നും ഉണ്ടായിരുന്നു.

സംഗമത്തിൽ സമയനിഷ്ഠയോടെ പങ്കെടുത്ത 15 പേർക്ക് ലക്കി ഡ്രോയിലൂടെ വിവിധ സമ്മാനങ്ങളും കൂടാതെ നറുക്കെടുപ്പിലൂടെ ഒരാൾക്ക് ബംബർ സമ്മാനവും നൽകി. പ്രശസ്ത സിനിമാതാരം നയന എൽസ, കൊച്ചി ഭദ്രാസന സെക്രട്ടറി റവ. ഫാ. സി.എം. രാജു, സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരി റവ. ഫാ. ഡാനിയേൽ തോമസ്, തോമസ് പോൾ റമ്പാൻ, എന്നിവർ പ്രസംഗിച്ചു.

യുവജന പ്രസ്ഥാനത്തിന്റെ മലബാർ ഭദ്രാസന വൈസ് പ്രസിഡന്റായ റവ. ഫാ. ഗീവർഗീസ് ജോർജ്ജ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസന വൈസ് പ്രസിഡന്റായ റവ. ഫാ. ബാബു എബ്രഹാം, കണ്ടനാട് വെസ്റ്റ് ഭദ്രാസന വൈസ് പ്രസിഡന്റായ റവ. ഫാ. ജോമോൻ ചെറിയാൻ, കൊച്ചി ഭദ്രാസന വൈസ് പ്രസിഡന്റ് റവ. ഫാ. ഡേവിഡ് തങ്കച്ചൻ, കുന്നംകുളം ഭദ്രാസന വൈസ് പ്രസിഡന്റായ റവ. ഫാ. ഗീവർഗീസ് വർഗീസ്, അങ്കമാലി ഭദ്രാസന വൈസ് പ്രസിഡന്റായ റവ. ഫാ. ജെയ്സ് മാത്യു, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി ഭദ്രാസനങ്ങളുടെ കേന്ദ്ര റീജിയണൽ സെക്രട്ടറിയായ ബേസിൽ ജോസഫ്, കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പേൾ കണ്ണേത്ത്, അരുൺ വിജോയ്, കേന്ദ്ര സെക്രട്ടറി നിഖിൽ കെ ജോയി എന്നിവർ നേതൃത്വം നൽകി.



കെരാറ്റിൻ എന്ന പദാർത്ഥം ഉള്ളത്?
ചർമ്മത്തിൽ

## രാജ്യാന്തര സമ്മേളനം

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 83-ാം രാജ്യാന്തര സമ്മേളനം ബോംബെ ഭദ്രാസന ആതിഥേയത്വത്തിൽ റോഹ സെന്റ് ഗ്രീഗോറിയോസ് സെന്ററിൽ ഒക്ടോബർ 5, 6, 7, 8 തീയതികളിൽ നടത്തപ്പെടും. ഒരു യൂണിറ്റിൽ നിന്ന് രണ്ട് പ്രതിനിധികൾക്ക് പങ്കെടുക്കാം.

## സ്നേഹസാഹോദര്യ ജ്വാല

**ഓഗസ്റ്റ് 15 – സ്വാതന്ത്ര്യദിനം**

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം സ്നേഹസാഹോദര്യ ജ്വാലയായി ആഘോഷിക്കും. യൂണിറ്റ്-ഭദ്രാസന-കേന്ദ്ര വിവിധ പ്രവർത്തനങ്ങൾ നടത്തപ്പെടും.

### യുവജനവാരം

സെപ്റ്റംബർ 8 മുതൽ 15 വരെ യുവജന വാരമായി ആഘോഷിക്കും.

## യുവജനപ്രസ്ഥാനം യു.എ.ഇ മേഖല അർദ്ധ വാർഷിക സംഗമം 2019




മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യു.എ.ഇ മേഖല അർദ്ധവാർഷിക സംഗമം മരുഭൂമിയിലെ പരുമലയെന്നറിയപ്പെടുന്ന ഷാർജ സെൻറ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. സോണൽ പ്രസിഡന്റ് ഫാ.ജേക്കബ് ജോർജിന്റെ അധ്യക്ഷ തയിൽ കൂടിയ സമ്മേളനം മുൻ മന്ത്രി ശ്രീ.സി. ദിവാകരൻ ഉത്ഘാടനം ചെയ്തു. അന്തർദേശീയ വ്യക്തിത്വ വികസന പരിശീലകനും വിദ്യാഭ്യാസ ചിന്തകനുമായ ഡോ. റാഷിദ് ഗസ്സാലി നവലോകത്തെ യുവമനസുകളിൽ ധാർമികമൂല്യങ്ങളുടെയും സുവിശേഷത്തിന്റെയും പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി മുഖ്യ പ്രഭാഷണം നടത്തി. ഉച്ചക്ക് ശേഷം ബഹു. പോൾ മാറാച്ചേരി റമ്പാൻ (കോതമംഗലം ചെറിയ പള്ളി), ഫാ എൽദോ കുരിയാക്കോസ് (വികാരി, പെരുമ്പാവൂർ സുലോക്കോ പള്ളി) എന്നിവർ യേശുക്രിസ്തുവിന്റെ നീതിയും സ്നേഹവും മലങ്കര സഭയുടെ ഇന്നത്തെ പ്രതിസന്ധികളിൽ എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ചകൾക്ക് നേതൃത്വം നൽകി. യു.എ.ഇ. ലെ എട്ടു യുവജനപ്രസ്ഥാനം യൂണിറ്റുകളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു.

## നിരാലംബരായവരോട് താദാത്മ്യപ്പെടുമ്പോഴാണ് ജീവിതം അർത്ഥവത്താകുന്നത്.

**- പെരുമ്പടവം ശ്രീധരൻ**




റാന്നി: നിരാലംബരായവരോട് താദാത്മ്യപ്പെടുമ്പോഴാണ് ജീവിതം അർത്ഥവത്താകുന്നതെന്ന് പെരുമ്പടവം ശ്രീധരൻ. മതാപ്പാറ സെന്റ് തോമസ് വലിയ പള്ളിയിൽ നടന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം നിലയ്ക്കൽ ദദ്രാസന വാർഷിക സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സാമൂഹ്യ ഒറ്റപ്പടൽ അനുഭവിക്കുന്നവർക്കു വേണ്ടി ജീവി തം സഹനമാക്കി മാറ്റിയ യേശുവിന്റെ മാതൃക യുവാക്കൾ പിൻതുടരണം. സഹനപൂർവമായ സ്നേഹം കൊണ്ട് മാത്രമേ ലോകത്തെ പരിവർത്തനപ്പെടുത്താനാകൂവെന്നും അദ്ദേഹം പറഞ്ഞു. ആന്റോ ആന്റണി എം. പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് അദ്ധ്യക്ഷത വഹിച്ചു. പെരുമ്പടവം ശ്രീധരനെ സമ്മേളനത്തിൽ ആദരിച്ചു. 'യേശുവിനെ നോക്കുക' എന്ന പഠനഗ്രന്ഥം ചടങ്ങിൽ പ്രകാശനം ചെയ്തു.

# ചലനാത്മകമായ നിലയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന യുവാക്കളാണ് സഭയുടെ ശക്തി :

**- പരിശുദ്ധ കാതോലിക്കാ ബാവാ**




കൊച്ചി : ചലനാത്മകമായനിലയിൽ ചിന്തിക്കുന്ന യുവത്വം സഭയിൽ ശക്തിപ്പെടേണ്ട കാലഘട്ടമാണ് ഇതെന്നും അപ്രകാരം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന യുവാക്കളാണ് സഭയുടെ ശക്തിയെന്നും അപ്രകാരമുള്ള യുവതയെ വാർത്തെടുക്കുന്നതിൽ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം വളരെ മികച്ചതായ പ്രവർത്തന പദ്ധതികളാണ് സമീപകാലത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്നും പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കുന്നംകുളം -തൃശൂർ -കൊച്ചി ഭദ്രാസനങ്ങളുടെ കേന്ദ്ര റീജിയനൽ കമ്മിറ്റി സംഘടിപ്പിച്ച പ്രഥമ ഡോക്ടേഴ്സ് - ലോയേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തുകൊണ്ടാണ് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ഇപ്രകാരം അഭിപ്രായപ്പെട്ടത്.

## നല്ല സ്വപ്നങ്ങൾ കാണണം : മാർ തീമോത്തിയോസ്



ചെങ്ങന്നൂർ : സമൂഹത്തിന്റെ ചാലക ശക്തിയായ യുവസമൂഹം നല്ല സ്വപ്നങ്ങൾ കാണണമെന്നും അതിനനുസൃതമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നും മലങ്കര ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപ്പൊലീത്താ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് പ്രസ്താവിച്ചു. ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ ആദ്ധ്യാത്മിക സാമൂഹ്യ സേവന പദ്ധതികളുടെ ഉത്ഘാടനവും മാർ അത്താനാസിയോസ് സ്മാരക സ്കോളർഷിപ്പ് വിതരണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭദ്രാസന സെക്രട്ടറി ഫാ.മാത്യു ഏബ്രഹാം കാരയ്ക്കൽ, സുവിശേഷ സംഘം ഡയറക്ടർ ഫാ.തോമസ് കൊക്കാപ്പറമ്പിൽ, ഓ.സി.വൈ.എം. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജാൾസൺ പി. ജോർജ്, കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി. കെ. തോമസ്, ഫാ. ടിജു ഏബ്രഹാം, ജോബിൻ കെ ജോർജ്, ഓ.സി.വൈ.എം. ഭദ്രാസന സെക്രട്ടറി റോബിൻ ജോ വർഗീസ്, നീതാ മാത്യു എന്നിവർ യോഗത്തിൽ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് നടന്ന പഠന ക്ലാസ്സിന് സിജോ ഫ്രാൻസിസ് നേതൃത്വം നല്കി. മുൻ ഭദ്രാസന ഭാരവാഹികളെയും എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ചവരെയും യോഗത്തിൽ അനുമോദിച്ചു.



ഭൂഗുരുത്വബലം ഏറ്റവും കൂടുതലുള്ളത്?
ധ്രുവപ്രദേശത്ത്

# നിയമനം



അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യു എ ഇ മേഖലയിൽ നിന്നും, യുവജനപ്രസ്ഥാനം കേന്ദ്ര സമിതിയിലേക്ക് ഷാർജ സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗവും, യുവജന പ്രസ്ഥാനം യു എ ഇ സോണൽ മുൻ സെക്രട്ടറിയുമായിരുന്ന ശ്രീ. ബിജു തങ്കച്ചനെ പ്രസ്ഥാനം പ്രസിഡൻറ് തിരുമേനി അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തയാൽ കൽപ്പിച്ച് നിയമിച്ചിരിക്കുന്നു. തേവലക്കര മർത്തമറിയം ഓർത്തഡോക്സ് ചർച്ച് & മാർ ആബോ തീർത്ഥാടന കേന്ദ്രമാണ് മാതൃ ഇടവക.



അടൂർ : അടൂർ–കടമ്പനാട് മെത്രാസനത്തിലെ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് പള്ളിയിൽവച്ച് ജീവൻ രക്ഷാ മാർഗ്ഗനിർദ്ദേശ ക്ലാസും എസ്.എസ്എൽസി പ്ലസ് ടു വിദ്യാർഥികൾക്കുള്ള അവാർഡ് ദാനവും യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ് ഉദ്ഘാടനം ചെയ്യുന്നു.

സെൻ്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം നേതൃത്വം നൽകി.

# ഭദ്രാസന വാർഷിക സമ്മേളനവും പരിസ്ഥിതി ദിനാഘോഷവും



കുളത്തൂപ്പുഴ : മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം തിരുവനന്തപുരം ഭദ്രാസന വാർഷിക സമ്മേളനവും പരിസ്ഥിതി ദിനാഘോഷവും കുളത്തൂപ്പുഴ സെൻറ്ജോർജ് ഇടവകയിൽ വച്ച് നിർവ്വഹിക്കപ്പെട്ടു. ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ഉപാധ്യക്ഷൻ ബഹു. ഫാ. മാത്യു ജോൺ അധ്യക്ഷതവഹിച്ച സമ്മേളനം അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. മുൻ കൃഷി വകുപ്പ് മന്ത്രിയും എംഎൽഎയുമായ ശ്രീ. മുല്ലക്കര രത്നാകരൻ പരിസ്ഥിതി ദിന മുഖ്യസന്ദേശം നൽകി. 'പരിസ്ഥിതിയും ജൈവകൃഷിയും' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ പ്രമോദ് മാധവൻ (കൃഷി ഓഫീസർ ചാത്തന്നൂർ) ക്ലാസ്സ് എടുത്തു തുടർന്ന് 'യേശുവിനെ നോക്കുക' എന്ന വിഷയത്തെ ആസ്പദമാക്കി യുവജനപ്രസ്ഥാന കേന്ദ്ര വൈസ് പ്രസിഡൻ്റ് ഫാ. വർഗീസ് ടി വർഗീസ് ക്ലാസ് നയിച്ചു. തുടർന്ന് ഭദ്രാസനത്തിൽ വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം ലഭിച്ചവർക്ക് അവാർഡുകളും മികച്ച മണ്ഡലം, യൂണിറ്റ് എന്നിവയ്ക്കു ള്ള പ്രസിഡൻഷ്യൽ അവാർഡും ഭദ്രാസന കേന്ദ്ര കലാമേള വിജയികൾക്കു സമ്മാനദാനവും നിർവ്വഹിച്ചു.



വേദാംഗങ്ങൾ ആറെണ്ണം ഏതെല്ലാം?
ശിക്ഷ, നിരുക്തം, വ്യാകരണം, കല്പം, ഛന്ദസ്സ്, ജ്യോതിഷം



## കുരുന്നുകൾക്ക് സ്നേഹസമ്മാനം.

കണ്ടനാട് : കുരുന്നുകൾക്ക് സ്നേഹ സമ്മാനവുമായി കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിർധനരായ കൂത്താട്ടുകുളം ഗവ. സ്കൂളിലെ കുട്ടികൾക്കും, ഭദ്രാസന പരിധിയിലെ നൂറോളം വിദ്യാർത്ഥികൾക്കും പഠന ഉപകരണങ്ങൾ സ്നേഹ സമ്മാനമായി നൽകി.

## സ്നേഹദീപ്തി : പ്രളയ ദുരിതാശ്വാസ പദ്ധതി അതിജീവനത്തിന് ഒരു കൈത്തിരിവെട്ടം

കേരളം കണ്ട ഏറ്റവും വലിയ പേമാരിയിലും പ്രളയ ത്തിലും തകർന്നുപോയ ഏതാനും ഭവനങ്ങൾക്കു പുനർജന്മം നൽകുവാനുള്ള സഭയുടെ ദൗത്യത്തിന് ന്യൂഡൽഹി ഹോസ്ഖാസ് സെന്റ്മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ പിന്തുണ നൽകി രണ്ടു വീടുകൾ നിർമ്മിച്ച് നൽകുന്നു. ആദ്യ ഭവനം ഇടുക്കി മാട്ടുക്കടയിലും രണ്ടാമത് വയനാട്ടിലെ കൃഷ്ണഗിരിയിലും. പ്രളയത്തിൽ തകർന്നുപോയ വീടിനു പകരം 2 കിടപ്പുമുറി, ഹാൾ, മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയോടുകൂടിയ ഭവനം നിർമ്മിക്കാനാണ് പദ്ധതി. പ്രായമായ വിധവയും കൂലിപ്പണി ചെയ്യുന്ന മകനും അടങ്ങുന്ന കുടുംബത്തിന് താമസ യോഗ്യമായ ഭവനം എന്ന സ്വപ്നമാണ് ഹോസ് ഖാസ് കത്തീഡ്രൽ യുവജന പ്രസ്ഥാനം പൂർത്തീകരിക്കാൻ ലക്ഷ്യം വയ്ക്കുന്നത്.



## വിദ്യാർഥികൾ സാമൂഹ്യ പ്രതിബദ്ധതയുള്ളവരായി വളരണം: - മാർ യൗസേബിയോസ്

മാവേലിക്കര: വിദ്യാർഥികൾ സാമൂഹ്യ പ്രതിബദ്ധതയുള്ളവരായി വളരണമെന്നും വിജയികളെ ആദരിക്കുമ്പോൾ തന്നെ പരാജയപ്പെട്ടവരെ ചേർത്തു നിർത്താനുള്ള കടമ സാമൂഹ്യ പ്രസ്ഥാനങ്ങൾക്കുണ്ടെന്നും മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ് പറഞ്ഞു. മാവേലിക്കര ഭദ്രാസന ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രതിഭാ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ഗീവർഗ്ഗീസ് കോശി കറ്റാനം അദ്ധ്യക്ഷത വഹിച്ചു.



സമാപന സമ്മേളനം സംസ്ഥാന ജയിൽ ഡി.ജി.പി ഋഷിരാജ് സിംഗ് ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. വിദ്യാർഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയാൻ സമൂഹം. ഒറ്റകെട്ടായി പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി.കെ. തോമസ് മുഖ്യപ്രഭാഷണം നടത്തി. വിവിധ വിദ്യാഭ്യാസ തലങ്ങളിൽ മികച്ച വിജയം നേടിയവരെ സമ്മേളനത്തിൽ ആദരിച്ചു.

ഗുജറാത്തിലെ കാംബേ എന്തിനാണ് പ്രസിദ്ധം?
പെട്രോളിയം ഖനനം

## യുവജനപ്രസ്ഥാനം ലീഡേഴ്സ് മീറ്റ് നടത്തി



കോലഞ്ചേരി:ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ലീഡേഴ്സ് മീറ്റ് നടത്തി. പുത്തൻകുരിശ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സെന്ററിൽ നടന്ന ചടങ്ങിൽ കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ജോമോൻ ചെറിയാൻ അധ്യക്ഷത വഹിച്ചു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള ഭാരവാഹികൾ മീറ്റിൽ പങ്കെടുത്തു. യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.അജി കെ.തോമസ് ക്ലാസ്സ് നയിച്ചു.

## ആരോഗ്യ 2019



കടമ്പനാട് : അടൂർ - കടമ്പനാട് മെത്രാസന യുവജന പ്രസ്ഥാനം ഇടവകകളിൽ ആരോഗ്യ പരിപാലനത്തിന് ശ്രദ്ധ കൊടുത്തുള്ള ആരോഗ്യ 2019 നടത്തുന്നു. ഞായറാഴ്ചകളിൽ വി.കുർബ്ബാനയ്ക്ക് ശേഷം രക്തസമ്മർദം, പ്രമേഹം, കൊളസ്ട്രോൾ, കണ്ണ് പരിശോധനാ ക്യാമ്പുകൾ നടത്തുന്നു.
ഐക്കാട് സെന്റ്മേരീസ്, തേമ്പാറ മർത്തശ് മൂനി, കടമ്പനാട് സെന്റ്തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ നടത്തി.

### കടമ്പനാട് ഗ്രൂപ്പ് മീറ്റിംഗും ലഹരി വിരുദ്ധ സെമിനാറും

കടമ്പനാട് ഗ്രൂപ്പ് മീറ്റിംഗും ലഹരി വിരുദ്ധ സെമിനാറും ജൂൺ 30- ാം തീയതി ഞായറാഴ്ച കടമ്പനാട് കത്തീഡ്രലിൽ വെച്ച് നടത്തി. ഗാന്ധി ഭവൻ പ്രൊജക്റ്റ് കോഓർഡിനേറ്റർ ഫാ. ബിജിൻ കെ ജോൺ ക്ലാസ്സ് നയിച്ചു

## വാർഷിക സമ്മേളനം

അടൂർ : അടൂർ - കടമ്പനാട് ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം ജൂൺ 09 ഞായറാഴ്ച പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ്പോൾസ് ദേവാലയത്തിൽ വച്ച് ഉച്ച കഴിഞ്ഞ് 2 മണി മുതൽ നടത്തപെട്ടു. കേന്ദ്ര ട്രഷറർ ശ്രീ. ജോജി പി. തോമസ് ഉത്ഘാടനം നിർവഹിച്ചു. മെത്രാസന സെക്രട്ടറി ഫാ.രാജൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് ഫാ.ജോൺ റ്റി. ശാമുവേൽ അടുത്ത വർഷത്തെ പ്രവർത്തന രേഖയും' ജനറൽ സെക്രട്ടറി ഫാ. ബിജിൻ കെ. ജോൺ റിപ്പോർട്ടും ട്രഷറാർ ശ്രീ.സോബിൻ സോമൻ വരവുചെലവു കണക്കും അവതരിപ്പിച്ചു. കേന്ദ്ര വൈസ് പ്രസിഡൻറ് ഫാ.വർഗ്ഗീസ് റ്റി.വർഗ്ഗീസ് ചിന്താവിഷയം അവതരിപ്പിച്ചു' പത്താം ക്ലാസ് +2 ക്ലാസുകളിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു.



## തീർത്ഥാടന പദയാത്ര

ദീപ്തസ്മരണകളുമായി പരി. ദിദിമോസ് വലിയ ബാവായുടെ കബറിങ്കലേക്കുള്ള യുവജന പ്രസ്ഥാനത്തിന്റെ തീർത്ഥാടന പദയാത്ര, അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ തിരുമനസിന്റെ നേതൃത്യത്തിൽ നടന്നു. 250 യുവതി യുവാക്കൾ പങ്കെടുത്തു.




ചീഫ് ഇലക്ഷൻ കമ്മീഷണറെ നിയമിക്കുന്നത്?
പ്രസിഡന്റ്

# In Ever Loving Memory of

**V C.MATHEWKUTTY & AMMINI MATHEW**

**Valuparampil House, Karuvatta**



"മൃതിയും യാതനയും – വാഴാത്തൊരിടത്തിൽ
പാർപ്പിക്കണമേ – നിൻ പരിശുദ്ധന്മാരൊപ്പം
മൃതരെ ശോഭനശാലകളിൽ..."

# SS GROUP

## SS HYUNDAI

3S Hyundai Dealer

HYUNDAI



| Pathanamthitta | Adoor | Tiruvalla | Mavelikara | Kayamkulam | Chenganur | Kottarakara | Bharanikavu |
|---|---|---|---|---|---|---|---|
| 9539012100 | 9061198880 | 8589979981 | 8589919153 | 9539001747<br>9539012037 | 8589994808 | 9539012080 | 9947648605 |

## Palace Honda

HONDA

3S Honda Dealer

Evoor South, Ramapuram, Kayamkulam
Ph: 0479-2475715,2475716, 9207363636

Budha jn., Mavelikara
9207734343



## S&S Mahindra

Mahindra
Rise.

3S Mahindra Dealer

Opp. IOC Petrol Pump, Vazhayila,Peroorkada, Trivandrum
7306565656



## SS Auto Hub

3S TVS Dealer
2nd Mile stone, Kollam
9539012046, 0474 2733200

TVS



M.D | SLEEBA KOSHY
(Member Adoor Kadampanad Diocese)

CEO | SIBY SLEEBA
(Member Adoor Kadampanad Diocese)

Sreyas arts & graphics